# ഗുരുനാഥൻ

| പുസ്തകം 17 | 1113 മീനം | ലക്കം 8 |
|---|---|---|

## രണ്ടു ശാകുന്തളങ്ങൾ

(തുടൎച്ച)

(പി. ആർ. നീലകണ്ഠൻ നായർ.)

### ഒന്നാമങ്കം

സൂതൻ "ആയുഷ്മൻ" എന്നു സംബോധനം ചെയ്തിരിക്കുന്നതു് മി: പിഷാരടി വിട്ടുകളഞ്ഞിരിക്കുന്നു. കേരളപാഠത്തിൽ അതില്ലായിരുന്നു എന്നു് അദ്ദേഹത്തിനു വാദിക്കാമായിരിക്കാം. "കൃഷ്ണസാരേദദച്ചക്ഷു" എന്നു തുടങ്ങുന്ന മൂലശ്ലോകത്തെ മി: വള്ളത്തോൾ തൎജ്ജിമചെയ്തപ്പോൾ "പഴങ്കണ്ണുപതിച്ചതു്" രാജാവിനോടുസംസാരിക്കുമ്പോൾ ആചാരഭാഷ ഉപയോഗിക്കണമെന്ന ഉദ്ദേശമായിരിക്കണം. ഏതായാലും അതു നമ്മുടെ പൂൎവ്വപക്ഷത്താണല്ലോ. "മാനിങ്കലും" "നിങ്കലും" എന്ന ആധാരിക വിഭക്തികൾക്കു് "ഇൽ"പ്രത്യയം അല്ലേ ഉചിതമായിട്ടുള്ളതു്. "ഇൽ" അധികരണം 'കൽ' സാമീപ്യം എന്നീവിധത്തിലാണതിനു അൎത്ഥം. 'താനെ' എന്നുകൂടി ചേൎത്തിരിക്കുന്നതിനു വല്ല ഉദ്ദേശവുമുണ്ടോ? ഈ ശ്ലോകം അഭിനയിക്കുന്നതിനു ഒരുങ്ങിയ ഒരു നടൻ കൃഷ്ണസാരത്തിലും രാജാവിലും ഒന്നിച്ചുനോക്കാൻ ശ്രമിച്ചപ്പോൾ കണ്ണു പൊട്ടിയെന്നു കേട്ടിട്ടുണ്ടു്. മി: പിഷാരടിയുടെ തൎജ്ജിമ അഭിനയിക്കാൻ ഭാവമുണ്ടെങ്കിൽ അങ്ങനെ ഒരു ആപത്തു വരാതെ കഴിയും. മൃഗത്തെ നോക്കീട്ടു്, "ഭവാനെനോക്കുന്നള വാ"ണു സൂതനു പിനാകിയെ കാണുന്നപോലെ തോന്നിയതു്. "ഗ്രീവാഭംഗാഭിരാമം" എന്നു തുടങ്ങുന്ന മൂലത്തിന്റെ രണ്ടു വിവൎത്തനങ്ങളും പരിശോധിച്ചുനോക്കാം. "പേൎത്തുംകണ്ണുംപിരിച്ചിട്ടഴകിനൊടുതുടൎന്നേൎത്തുമീത്തേരിൽനേത്രം ചേൎത്തു." അഴകിനൊടുതുടൎന്നേൎത്തുമീത്തേരു എന്നുള്ള പ്രയോഗംകൊണ്ടു്, അഴകുതുടൎന്നേൎത്തുന്ന തേരിനാണെന്നു തോന്നുവാനിടയുണ്ടു്. "മുഹുരനുപതതിസ്യന്ദനേ ബദ്ധദൃഷ്ടിഃ" പേൎത്തും തുടൎന്നേൎത്തുമിത്തേരിൽ നേത്രംചേൎത്തു" എന്നു് അനാവശ്യമായിക്കൂട്ടിവരുന്നതു് ഭാഷയോടു ചെയ്യുന്ന ഒരപരാധമാണു്. അങ്ങനെ ചെയ്തില്ലെങ്കിൽ "മുഹുഃ" എന്ന ശബ്ദം നി

രത്ഥകമായെക്കം. മി: വള്ളത്തോളിൻെറ പരിഭാഷ "ഏററം ഭംഗ്യാചെരിക്കം ഗളമൊട്ടടനടൻ പിന്നിലെത്തുന്നതേർമേൽ നോട്ടംനട്ട" എന്നാണ്. യാതൊരു ക്ലിഷ്ടതയുംക്രൂടാതെ മൂലാത്ഥം വിശദമാകുന്നുണ്ട്. ഉത്തരാദ്ധത്തിൽ വള്ളത്തോളിൻെറ തജ്ജിമയ്ക്കു് അല്പം ഭംഗി പോരാതെ വന്നിട്ടുണ്ട്. "മർഞ്ഞം ചിന്നി" "വെച്ചടിപ്പു" എന്നീജാതി അതിനുദാഹരണമാണ്. അടുത്തുള്ള ഒരു വാക്യം മി: പിഷാരടി വിട്ടിട്ടുണ്ട്. ശ്ലോകത്തിൽതന്നെ ആ അഭിപ്രായം വ്യഞ്ജിക്കുന്നുണ്ടെന്ന് ടിപ്പണികാരൻ പറയുന്നുണ്ടെങ്കിലും അടുത്തു സൂതൻ പറയുന്ന സമാധാനം മുഴുവനും രാജാവിൻെറ പൂവ്വപക്ഷമായ വാക്യത്തിനാണ്. ശ്രീനിവാസശാസ്ത്രികം, രാഘവഭട്ടൻ എന്നീ വ്യാഖ്യാതാക്കളും ഈ വാക്യം സ്വീകരിച്ചിട്ടുണ്ട്.

അടുത്ത് സൂതൻ രഥവേഗം കൂട്ടിക്കൊണ്ടു രാജാവിനോടു "ആയുഷ്മൻ, പശ്യ, പശ്യ" എന്നുതുടങ്ങുന്നു. രഥവേഗത്തേയാണു ചൂണ്ടിക്കാണിക്കുന്നത്. "മുക്തേഷുരശ്മിഷു" എന്നുതുടങ്ങുന്ന മൂലശ്ലോകത്തെ മി: പിഷാരടി തജ്ജിമചെയ്തതുകണ്ടിട്ടാണ് മാരാർ വെളിപാടുകൊണ്ടതു്. വള്ളത്തോളിൻെറ തർജ്ജിമ കണ്ടാലും മാരാക്കുണ്ടായ വികാരം പലക്കുമുണ്ടായേക്കാം. 'വാരഞ്ചും കടിഞാണഴച്ചപൊഴുതേ' വാരഞ്ചും എന്നതിനു നീളമുള്ള എന്നത്ഥം മാരാരുപറഞ്ഞിട്ടുണ്ടെങ്കിലും അങ്ങനെ ഒരു വിശേഷണം കടിഞാണിനു പിടിച്ചുവലിച്ചുചേത്തതെന്തിനാണ്? "നിഭൃതോദ്ധ്വകർണ്ണാഃ" 'അനങ്ങാതായ്ക്കൂർമ്പിയകർണ്ണം' എന്ന തജ്ജിമ വള്ളത്തോളിൻെറ തന്നേയാണോ? 'പാരംതങ്ങളിൽ നിന്നുയന്നപൊടി' "ആത്മോദ്ധതൈരപിരജോഭിഃ" കുതിരകൾ പൊടിഉയത്തുകയാണു ചെയ്തതു്. ഈ തജ്ജിമ വായിച്ചാൽ കുതിരയുടെ മേൽമുഴുവനും പൊടിയാണെന്നുതോന്നും. ഇത്ര ഭംഗികുറഞ്ഞ ഒരു പദ്യം വള്ളത്തോളിൻെറ തൂലികയ്ക്കു രചിപ്പാൻ സാധിക്കുമോ?

രഥവേഗത്തെ വണ്ണിച്ചതിനുശേഷം രാജാവിൻെറ ഒരു വാക്യവും അണിയറയിൽനിന്നു മഹഷികുമാരന്മാരുടെ ഒരു വാക്യവും മി: പിഷാരടി സ്വീകരിച്ചുകാണുന്നില്ല. അതിൻെറ ഔചിത്യം എത്രത്തോളമുണ്ടെന്നു നമുക്കിവിടെ ചിന്തിച്ചിട്ടു ഫലമില്ല.

സൂതൻ—"തിരുമേനി! അവിടത്തെ ശരം കൊള്ളാറായിരിക്കുന്ന മാനിന്നിടയിൽ ചില മഹഷിമാരെത്തിയിരിക്കുന്നു" എന്നു മി: പിഷാരടിയും "തിരുമേനിയുടേയും ഈ ശരലക്ഷ്യമായ കൃഷ്ണമൃഗത്തിൻെറയും ഇടയിൽ തപസ്വികൾ വന്നു നില്ക്കുന്നു എന്നു" വള്ളത്തോളും തജ്ജിമ ചെയ്തിരിക്കുന്നു.

മൂലമിങ്ങനെയാണ്—ആയുഷ്മൻ, അസ്യ ഖലു തേ ബാണപാതവത്തിനഃ കൃഷ്ണസാരസ്യാന്തരേ തപസ്വിന ഉപസ്ഥിതാഃ (സംപ്രാപ്താഃ) "മാനിന്നിടയിൽ" എന്നുള്ളതിനു നമ്മുടെയും മാനിന്റെയുമെന്നു മി: പിഷാരടിയുടെ തർജ്ജിമയ്ക്കു് അർത്ഥം പറഞ്ഞിട്ടുണ്ടു്. പക്ഷെ അതു വളരെ ക്ലിഷ്ടമല്ലെ "അവിടുത്തെ ശരം കൊള്ളാറായിരിക്കുന്ന മാൻ" എന്നു മലയാളത്തിലായപ്പോൾ അബദ്ധമില്ല. 'തേ ബാണപാതവത്തിനഃ' മൂലത്തിലെ തത്സംബന്ധം ഒരിക്കലും ബാണത്തോടു ചേരുകയില്ല. പിന്നെ എന്തിനാണു് അവിടുത്തെ ശരമെന്നു തർജ്ജിമചെയ്തതു്. മാനിനിടയിൽ എന്നു കേട്ടാൽ തോന്നിന്നതു് അതുകളെ തെളിച്ചുകൊണ്ടു മഹർഷിമാർ നില്ക്കുന്നു എന്നാണു്. ആയുഷ്മൻ, തേ എന്ന രണ്ടിനുംകൂടി തിരുമേനിയുടെ എന്ന ഒററവാക്കുകൊണ്ടു മി: വള്ളത്തോൾ കഴിച്ചുകൂട്ടുന്നു. "ഈ" എന്ന വ്യാവർത്തകശബ്ദം കൃഷ്ണമൃഗശബ്ദത്തോടുകൂടത്താണു പ്രയോഗിക്കേണ്ടിയിരുന്നതു്.

'ആശ്രമമൃഗമാണിതു്. കൊല്ലരുതു്, കൊല്ലരുതു്' എന്നു പിഷാരടിയും "ഈ ആശ്രമമൃഗത്തെകൊന്നുകൂടാ, കൊന്നുകൂടാ" എന്നു വള്ളത്തോളും തർജ്ജിമചെയ്തിരിക്കുന്നു. 'ഈ ആശ്രമമൃഗത്തെ കൊന്നുകൂടാ'. പിന്നെ ആശ്രമത്തിലുള്ള മററു മൃഗങ്ങളെ കൊല്ലാമോ? ആശ്രമത്തിൽ വളത്തുന്ന ഒന്നിനെയും കൊല്ലരുതു് എന്നല്ലെ വൈഖാനസൻ പറയുന്നതു്. ആശ്രമമൃഗമാണിതു് എന്ന തർജ്ജിമയാണു് അർത്ഥബോധത്തിനു ചേന്നതു്. "രാജൻ ആശ്രമമൃഗോഽയം നഹന്തവ്യോനഹന്തവ്യഃ" എന്നാണു മൂലം. കാളിദാസനു ചൂണ്ടിക്കുന്ന ആ പദം അന്ത്യത്തിലാണു പ്രയോഗിച്ചിരിക്കുന്നതു്. എന്തുകൊണ്ടതു് ആശ്രമമൃഗം എന്ന ശബ്ദത്തിന്റെ പൂർവ്വമായി പ്രയോഗിച്ചില്ല. അടുത്തുകാണുന്ന വൈഖാനസശ്ലോകത്തിന്റെ അന്ത്യഭാഗം 'ദണ്ഡത്തിനല്ലനപരാധിയിൽ' എന്നു മി: പിഷാരടി തർജ്ജിമചെയ്തിരിക്കുന്നതു തീരെ ഭംഗിയായില്ല. വായിക്കാനുള്ള വിഷമമാണു് ആക്ഷേപമായിത്തോന്നുന്നതു്.

"നിവാരഃ" എന്നാദിയായ മൂലശ്ലോകത്തിന്റെ അന്ത്യഭാഗമായപ്പോഴേക്കും മി: വള്ളത്തോൾ മലയാളത്തിലേക്കാണു വിവർത്തനം ചെയ്യുന്നതു് എന്ന കാര്യംതന്നെ മറന്നുപോയെന്നു തോന്നുന്നു. "വല്ക്കാന്തസ്രുതവാരിരേഖകളുമുണ്ടംബ്വാശയാധ്വാക്കളിൽ" കളുമുണ്ടു, കളിൽ എന്നീ രണ്ടും മാററിയാൽ മൂലത്തിലേക്കാൾ കഠിനമായ സംസ്കൃതപദങ്ങളാണു കാണുന്നതു്. "തോയാധാരപഥാശ്ച വല്കലശിഖാനിഷ്യന്ദരേഖാങ്കിതാഃ" എന്നാണു മൂലം. മി: പിഷാരടി "വല്ക്കത്തുമ്പിലെ വാരിവാർന്നവരയുണ്ടാററിൻ വഴി

ക്കെങ്ങമെ". "മൃഗാഃ" എന്നതിന്ന സത്വക്കൂട്ടം എന്ന പിഷാരടി തർജ്ജിമ ചെയ്തതു് എന്താണു്? ആശ്രമമൃഗത്തിൻെറ (മാനിൻെറ) പിന്നാലെയാണല്ലോ രാജാവിൻെറ ആദ്യത്തെ പുറപ്പാടു്. ആ ക്രൂരർ 'പതറിടുന്നില്ലൊച്ചകേട്ടംകൂംവിധൌ' എന്ന പറയുന്നതു നന്നല്ലെന്നുവച്ചാണോ? അവിടെയുള്ള എല്ലാജാതി മൃഗങ്ങളും 'പതറിടുന്നില്ല' എന്നു വരുത്തുവാൻ ആയിരിക്കാം സത്വശബ്ദം പ്രയോഗിച്ചതു്. മാനല്ലാതെ മററു മൃഗങ്ങളും ആശ്രമത്തിലുമുണ്ടാകുമല്ലോ.

'ശാന്തമിദമാശ്രമം' എന്ന ശ്ലോകത്തിൻെറ വിവൎത്തനത്തിൽ 'ഇല്ല തുറക്കാത്തവാതിലൊരിടത്തും' എന്നാണു കാണുന്നതു്. "ദ്വാരാണിഭവന്തിസൎവ്വത്ര" എന്നതിൻെറ ഭാഷയാണിതു്. വാതിലും, തുറക്കലും മണിപ്രവാളശാകുന്തളത്തിലും കാണുന്നുണ്ടു്. 'ദ്വാരേ പുനൎന്നിൎഗ്ഗമനേഭൃത്യായേ' എന്നാണു് ഒരു വ്യാഖ്യാനകാരൻ പറയുന്നതു്. കേരളകാളിദാസനും വള്ളത്തോളും ഒരേ അഭിപ്രായക്കാരുമാണു്. രണ്ടുപേൎക്കുമവലംബഗ്രന്ഥം ഒന്നായിരുന്നു എന്നോ, കേരളവൎമ്മയിലുള്ള അത്യാദരവു് കൊണ്ടെന്നൊ സമാധാനിക്കാം.

രാജാ—"ഏതാസ്തപസ്വികന്യകാഃ സ്വപ്രമാണാനുരൂപൈഃ സേചനഘടൈർബ്ബാലപാദപേഭ്യഃ പയോദാതുമിത ഏവാഭിവൎത്തന്തേ." സ്വപ്രമാണാനുരൂപൈഃ എന്നതിന്ന അവരവരുടെ ശക്തിക്കൊത്ത എന്നു വള്ളത്തോളും പ്രായത്തിന്ന ചേൎന്ന എന്നു പിഷാരടിയും തർജ്ജിമ ചെയ്തിരിക്കുന്നു. ഹാ! മധുരമായ കാഴ്ചയെന്നു് അവസാനമായും വള്ളത്തോൾ തർജ്ജിമചെയ്തിട്ടുണ്ടു്. കന്യകമാൎക്കും ഘടത്തിനും വൃക്ഷത്തിന്നുമുള്ള ആനുരൂപ്യഗുണമാണു് മാധുൎയ്യത്തിന്ന നിദാനമായിരിക്കുന്നതു്. അതിനാൽ ശക്തിയ്ക്കൊത്ത എന്ന ഭാഷയ്ക്കു ഔചിത്യക്കുറവുണ്ടു്. "സ്വശക്തിയോഗ്യൈരിത്യൎത്ഥഃ" എന്നു സ്വപ്രമാണാനുരൂപൈഃ എന്നതിന്ന വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും "തസ്യപ്രമാണം: മാനം തദനുരൂപൈഃ" എന്നുള്ളതും, "പ്രമാണം മാനശാസ്ത്രയോ" എന്നുള്ളതും അവലംബിച്ചുവേണം തർജ്ജിമ ചെയ്വാൻ. എന്നു സാരം, എന്നൎത്ഥം എന്നിങ്ങനെ പറയുന്നതുകൊണ്ടു് ആകെ വന്നുകൂടുന്ന ഒരു ചുരുക്കമെന്നേ കണക്കാക്കാവൂ.

"അസാധുദൎശീ ഖലുതത്രഭവാൻകാശ്യപഃ" എന്ന ഭാഗത്തെ "മാന്യകാശ്യപൻ നല്ലവണ്ണം ആലോചിച്ചിട്ടില്ല നിശ്ചയം" എന്നു പിഷാരടിയും "ഔചിത്യം നോക്കാത്താളാണു കാശ്യപൻ തിരുവടി" എന്നു വള്ളത്തോളും ഭാഷപ്പെടുത്തിയിരിക്കുന്നു. അസാധുദൎശി എന്ന വിശേഷണത്തി

ന്ന "ഔചിത്യമില്ലാത്തവനെ"ന്നുതന്നെയാണു കേരളവൎമ്മയുടേയും തൎജ്ജിമ പക്ഷേ ഖലു എന്ന ശബ്ദം ആ തിരുമേനി ഉപേക്ഷിച്ചിട്ടില്ല. "നല്ലവണ്ണം ആലോചിച്ചിട്ടില്ലാത്തവനെ"ന്ന പിഷാരടിയുടെ തൎജ്ജിമയിൽ നിന്നും എന്തോ ചിലതെല്ലാം ചോൎന്നുപോയതുപോലെ തോന്നുന്നു. 'അസാധു' എന്ന ശബ്ദത്തെ അങ്ങനെതന്നെ പ്രയോഗിക്കുകയായിരിക്കും അധികം നല്ലതു് എന്നു തോന്നിപ്പോകുന്നു.

"പാദപാന്തരിതഏവ വിസ്രബ്ധം താവദേനാം പശ്യാമി." "മരങ്ങളുടെ മറവിൽ നിന്നുതന്നെ ഇവളെ സ്വൈരമായി നോക്കിക്കാണാം." ഇവളെ നോക്കിക്കാണുന്നതിനാണോ സ്വൈരത വേണ്ടതു്? മറഞ്ഞു നിന്നതുതന്നെ അവളുടെ വിസ്രബ്ധനിലക്കു ഭംഗം വരാതിരിക്കാനാണു്. "വിസ്രബ്ധം" വിശ്വാസയുക്തം-എന്നു വ്യാഖ്യാനിച്ചിട്ടുണ്ടു്. "സമൌ വിസ്രംഭവിശ്വാസൌ" എന്നമരവുമുണ്ടു്. അന്യന്മാരാരുമവിടെ ഇല്ലെന്ന വിശ്വാസത്തോടെയാണു ശകുന്തളയും തോഴിമാരും പെരുമാറുന്നതു്. അതിനു ഭംഗം വരുത്തേണ്ട എന്നത്രെ രാജാവിന്റെ ഉദ്ദേശം. അതുകൊണ്ടു സ്വൈരമായി കാണാമെന്ന ആശയം ശുദ്ധമല്ല. "ശങ്കക്രൂടാതെ പെരുമാറുന്ന ഇവളെ" എന്ന തൎജ്ജിമയാണു മൂലത്തോടു യോജിച്ചിരിക്കുന്നതു്

"കാമമനനുരൂപമസ്യാഃ വയസോവല്ക്കലം നപുനരലംകാരശ്രിയം നപുഷ്യതി." "ഇവളുടെ പ്രായത്തിനു ചേൎന്നതല്ലതന്നെ മരവുരി, എന്നാൽ അഴകുകേടുണ്ടാക്കുന്നില്ല." ശകുന്തളയുടെ അഴകിനു ഹാനി വരുത്തുന്നില്ല. ഇത്രകൊണ്ടു മൂലത്തിനുള്ള അൎത്ഥം പൂൎണ്ണമായോ. അഴകിനു മേന്മയേറുന്നുണ്ടു് എന്നല്ലേ അഭിപ്രായം. "പുനരലംകാരശ്രിയം നപുഷ്യതീതിന" "അപിതുപുഷ്യതീത്യൎത്ഥഃ." "അനേനശോഭാതിശയസ്യാവശ്യകത്വംധ്വന്യതേ." "സംഭാവ്യനിഷേധനിവൎത്തനെ ദ്വൌപ്രതിഷേധൌ" ഇങ്ങനെയെല്ലാം വ്യാഖ്യാനിച്ചും ഇരിക്കുന്നു. "അഴകുകേടുണ്ടാക്കുന്നില്ല" എന്നു മാത്രം കൊണ്ടു തൃപ്തിപ്പെട്ട വള്ളത്തോളിന്റെ തൎജ്ജിമ സഹൃദയസമ്മതമാകുമോ? "ഇവളുടെ പ്രായത്തിനു വല്ക്കലം ചേൎന്നതല്ല. എന്നാലും അലങ്കാരഭംഗി വൎദ്ധിപ്പിക്കാതിരിക്കുന്നുമില്ല." ഇങ്ങനെ ആയാൽ മൂലാൎത്ഥം അശേഷവും ചോൎന്നുപോയിട്ടില്ലെന്നതു നിശ്ചയം തന്നെ.

"സരസിജമനുവിദ്ധം ശൈവലേനാപിരമ്യം" എന്നു തുടങ്ങുന്ന ശ്ലോകം തൎജ്ജിമ ചെയ്തിട്ടുള്ളതു് ഈ രണ്ടിൽ മാത്രമല്ല മറ്റു ചില തൎജ്ജിമകളിലും ഭംഗിയായിട്ടില്ലെന്നുതന്നെ പറയണം. "ചെന്താരിനുണ്ടധികരമ്യത ചണ്ടികൊണ്ടും" സരസിജമതിരമ്യം ശൈവലേനാപി ഇങ്ങനെ ആയിരുന്നെങ്കിൽ തൎജ്ജിമ ശരിയാണു്. "അനുവിദ്ധം" ഉപേക്ഷിച്ചതു

ശ്രദ്ധിക്ക മതിയായോ. തണ്ടാക്ക് എന്നു കേട്ടാൽ നാടാക്ക്, തണ്ടാക്ക്, എന്നിങ്ങനെയുള്ള വൎഗ്ഗക്കാക്കാണു നിർമ്മണ്ടി പററിയതു് എന്നു തോന്നിപ്പോകും. മൂന്നാം പാദത്തിന്റെ അവസാനത്തിൽ ഒരു 'ചന്ത' വച്ചു് അപൂൎണ്ണവിരാമവും കൊടുത്തിരിക്കുന്നു. മൂലത്തിന്റെ ഭംഗി തൎജ്ജിമകളിൽ നശിപ്പിച്ചിരിക്കയാണു ചെയ്തിട്ടുള്ളതു്.

'അധരഃകിസലയരാഗഃ' എന്നു തുടങ്ങുന്ന മൂലശ്ലോകത്തിന്റെ ഉത്തരാൎദ്ധം "കുസുമമിവലോഭനീയം യൗവനമംഗേഷുസന്നദ്ധം" തൎജ്ജിമ ചെയ്തപ്പോഴും അല്പം ചില വൈഷമ്യങ്ങൾ രണ്ടിലും പററീട്ടുണ്ടു്. അംഗങ്ങളിൽ സന്നദ്ധമായിരിക്കുന്ന യൗവനം കുസുമമെന്നപോലെ ലോഭനീയമാണു്. അധരം, കൈകൾ, അംഗങ്ങളിൽ സന്നദ്ധമായിരിക്കുന്ന യൗവനം ഇവയ്ക്കു ലതാസാദൃശ്യമായ ഭംഗിയാണു കാണുന്നതു്. അതിനാൽ യൗവനം കുസുമമിവലോഭനീയം എന്നതിനു പകരം മനോജ്ഞമായ യൗവനം എന്നായാൽ ശക്തി മതിയാകയില്ല. അംഗേഷു എന്ന ബഹുവചനപ്രയോഗം മാററി മേനിയിൽ എന്നു മാത്രമാക്കിയതും നന്നായില്ല. മേനിയെ ഒളികൊണ്ടു വിശേഷിപ്പിക്കുന്നതു് എന്തിനു്? ഒരു 'ഇതു്' നിരൎത്ഥകമല്ലെ?

(തുടരും)

# ആന്ധ്യനിവാരണം

(ഡാക്ടർ എൽ. എ. രവിവൎമ്മ.)

ഭാരതഭൂമിയിൽ ഏകദേശം പത്തുലക്ഷത്തിനുമേൽ പൂൎണ്ണമായി ആന്ധ്യം ബാധിച്ചവരുണ്ടു്. ഒരു മുപ്പതുലക്ഷത്തിൽ കുറയാതെ ഉപജീവനം നേടാൻപാടില്ലാത്തവിധം കാഴ്ച നഷ്ടംവന്നവരും ഉണ്ടു്, എന്നു പറയുമ്പോൾ ആന്ധ്യംകൊണ്ടുള്ള ദുരിതം ഭാരതഭൂമിയിൽ എത്രമാത്രം പ്രബലമായിട്ടുണ്ടെന്നു ബോദ്ധ്യമാകുന്നതാണു്. ഇവയിൽ ഏറിയകൂറും നിവാൎയ്യമായ സംഗതികൾകൊണ്ടു സംഭവിച്ചതാണു് എന്നോൎമ്മിച്ചാൽ നമ്മുടെ അക്ഷന്തവ്യമായ കൃത്യവിലോപം ബോദ്ധ്യപ്പെടും. ഒന്നോ രണ്ടോ ശതാംശമൊഴിച്ചു ശേഷം ആന്ധ്യംവക കാൎയ്യങ്ങൾ പറയത്തക്ക പ്രയാസമില്ലാത്ത മുൻകരുതലുകൾകൊണ്ടു് ഒഴിക്കാവുന്നതാണു്. എന്നാൽ ആന്ധ്യാവസ്ഥയായിപ്പോയാൽ ഒന്നുരണ്ടിനമൊഴിച്ചു മററുള്ളവ പൂൎണ്ണഫലം കിട്ടു

ത്തക്കവിധം ചികിത്സകൊണ്ടു നിവൎത്തിക്കാവുന്നവയുമാണ്.

നമ്മുടെ നാട്ടിൽ പ്രധാനമായ ആന്ധ്യകാരണം പത്താണ്. ഇതിൽ ഒന്ന് ചികിത്സകൊണ്ടു പൂൎണ്ണം ജയിക്കത്തക്കതും നിവാരണക്ഷമമല്ലാത്തതുമായ കഫകാചം (cataract) ആകുന്നു. ഇതുകൊണ്ടുള്ള ആന്ധ്യം താൽകാലികമാണ്. എട്ടുപത്തുദിവസംകൊണ്ട് പരിപൂൎണ്ണസുഖം കിട്ടുന്നതും പറയത്തക്ക യാതൊരു ബുദ്ധിമുട്ടില്ലാത്തതുമായ ശസ്ത്രക്രിയകൊണ്ട് ഈ രോഗം നിവൎത്തിച്ചു പഴയപോലുള്ള കാഴ്ച തിരികെ സമ്പാദിക്കാവുന്നതുമാണ്. "കായംകുത്തുക" (couching) മുതലായ കുവൈദ്യപ്രയോഗങ്ങൾക്കു വിധേയരാകുന്നപക്ഷം കുത്താനിടവന്ന കണ്ണുമാത്രമല്ല, മററകണ്ണും കൂടെ എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുകയാണ്പതിവ് എന്നു പ്രത്യേകം ഓൎമ്മിക്കേണ്ടതാണ്.

തലവേദന, വെളിച്ചംനോക്കുമ്പോൾ മയിൽപീലിക്കണ്ണുപോലെ അഥവാ, മഴവില്ലുപോലെ നാനാവൎണ്ണത്തിലുള്ള പരിവേഷത്തോടുകൂടികാണുക മുതലായ ലക്ഷണങ്ങളോടുകൂടിയതും വാതാത്മകവുമായ നീലികാകാചം (glaucoma) പ്രബലമായ ഒരു ആന്ധ്യകാരണമാണ്. ഇതും ആദിമത്തിൽതന്നെ പാശ്ചാത്യസമ്പ്രദായപ്രകാരം ഉള്ള ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും വിധേയരാകുന്നപക്ഷം ആന്ധ്യത്തിനു ഇടവരാതെ കഴിക്കാവുന്നതാണ്.

മററിനങ്ങൾ എല്ലാം ഇതരകാരണങ്ങളിൽനിന്നും പരമ്പരാസിദ്ധവും,—ആ വക കാൎയ്യങ്ങൾ നിവാൎയ്യങ്ങളാണ്; പരമ്പരയാസിദ്ധിക്കുന്ന അനിഷ്ടഫലം മാററാൻ മുക്കാലും അസാദ്ധ്യവുമാണ്. കാരണരൂപങ്ങൾ പ്രധാനമായി,

1. സികതാവൎത്മം (granular lids-Trachoma)
2. ഫിരംഗി (Syphilis)
3. പൂയ, ലാലാമേഹങ്ങൾ (gonorrhoea)
4. ജനിച്ച ശിശുവിന്റെ കണ്ണിന് മാതൃയോനിയിൽനിന്നും സംഭവിച്ച മാലിന്യസമ്പൎക്കംകൊണ്ടുണ്ടാവുന്ന അക്ഷിപാകം (ophthalmia-neonatorum)— ഇതിനു സദ്യപ്രസൂനാക്ഷിപാകം എന്നു പേരിടാം.
5. വസൂരി.
6. കണ, പക്ഷിബാധ എന്നെല്ലാംപറയാറുള്ള രസ്യാഭാവാവസ്ഥയുടെ വികാരവിശേഷമായ അക്ഷിപാകം. (Keratomalacia)

7. പൊടി, ഈച്ച മുതലായവയുടെ സമ്പക്കം.

8. അഭിഘാതം. (accidents)

9. കോങ്കണ്ണ്, സൂക്ഷ്മദൃഷ്ടിമുതലായവ (Squint, short sight etc.)

ഈ ഒമ്പതുമാണ്. ഇവയെല്ലാം നിവാൎയ്യങ്ങളാണ്; രോഗം ബാധിച്ചുപോയാലും ഉടനടി വേണ്ടതു ചെയ്താൽ പലതും ക്ഷിപ്രസാദ്ധ്യവും ശേഷം കൃച്ഛ്രസാദ്ധ്യവും ആകുന്നു. വൎദ്ധിച്ചാൽ പ്രായേണ അസാദ്ധ്യം എന്നുതന്നെ പറയാം.

സാമാന്യമായ നിവാരണമാൎഗ്ഗങ്ങൾ അഥവാ, ആരോഗ്യചൎയ്യയെപ്പററി പറഞ്ഞശേഷം ഓരോ പ്രത്യേകവിഭാഗങ്ങളെ സംബന്ധിച്ചുള്ള നിവാരണമാൎഗ്ഗങ്ങളെ പറയാം.

## സാമാന്യചൎയ്യകൾ

1. കൈയ്യും മുഖവും കൂടക്കൂടെ കഴുകുകയും വൃത്തിയാക്കി വയ്ക്കുകയും, ചെയ്ക.

2. അതിയായ വെളിച്ചം, പൊടി, പുക, ഈച്ച ഇവ കണ്ണിൽ പെടാൻ ഇടവരരുത്.

3. അന്യരുപയോഗിക്കുന്ന തോൎത്ത് മുതലായവ ഉപയോഗിക്കരുത്. (പലരും കൈയ്യിട്ടെടുക്കുന്ന മഷിയോ, അഞ്ജനശലാകയോ ഉപയോഗിക്കരുത്.)

4. നിത്യമായി വെണ്ണ, പാല്, പഴങ്ങൾ, ചെറുകറിക്കോപ്പുകൾ, എലക്കറികൾ എന്നിവ ഭക്ഷിക്കണം. (ദരിദ്രൎക്ക് ഉതകുന്ന ആഹാരനിൎദ്ദേശം യഥാസ്ഥാനം ചെയ്യുന്നതാണ്)

5. ഗോവസൂരി പ്രയോഗംകൊണ്ട് വസൂരിയിൽനിന്നും രക്ഷ നേടുക.

6. പരുക്കുതട്ടാൻ ഇടയുള്ള തൊഴിലിൽ ഏൎപ്പെട്ടുന്നവർ നേത്രരക്ഷയ്ക്കായി "രക്ഷക്കണ്ണട" (Goggles) ഉപയോഗിക്കുക.

7. നവശിശുവിന്റെ കണ്ണിൽ നിവാരണാൎത്ഥം ഔഷധം എഴുതുക.

8. നേത്രസംബന്ധമായി എന്തെങ്കിലും അസ്വാസ്ഥ്യമുണ്ടായാൽ ഉടൻതന്നെ തക്ക യോഗ്യനായ വൈദ്യനെക്കാണിച്ച് വേണ്ടതു ചെയ്ക.

9. കുവൈദ്യന്മാരെ യമകിങ്കരന്മാരേക്കാൾ ഭയന്നു പരിഹരിച്ചുകൊള്ളുക.

10. ഫിരംഗി, പൂയമേഹം ഈ രണ്ടു "ഗന്ധരോഗങ്ങൾ" (=മൈഥുനാദി സമ്പർക്കങ്ങളിൽനിന്നുണ്ടാകുന്ന രോഗങ്ങൾക്കുള്ള പഴയ സാങ്കേതിക പദം) പിടിപെട്ടാൽ ഉടൻ അവ വേരററുമാറുന്നവിധം ചികിത്സിച്ചു ഭേദമാക്കിക്കൊൾക.

## വിശേഷനിവാരണോപായങ്ങൾ.

1. സികതാവർത്മം. ഇതു് നമ്മുടെ നാട്ടിൽ വളരെ സാധാരണമായിട്ടുള്ളതും, ക്രമംകൊണ്ടു കാഴ്ച തീരെ നശിപ്പിക്കുന്നതും, കാഴ്ച പോയശേഷവും കണ്ണു ഒരു ഭാരവും സങ്കടകാരണവുമായിത്തീരത്തക്ക പരിണാമഫലങ്ങളോടുകൂടിയതും വളരെ പകരുന്നതും ആയ ഒരു ബാല്യകാലരോഗമാകുന്നു. പള്ളിക്കൂടക്കുട്ടികളുടേയിടയിൽ ഈ രോഗം നമ്മുടെ നാട്ടിൽ പത്തുപതിനഞ്ചുശതമാനത്തോളം കണ്ടുവരുന്നു. ഇതു പകരുന്ന വ്യാധിയാകയാൽ പള്ളിക്കൂടത്തിൽ ഇത്തരം കുട്ടികളെ വേർതിരിച്ചിരുത്തേണ്ടതത്യാവശ്യമാണു്. കണ്ണിനു പലപ്പോഴും ഒരു കലക്കൽച്ഛായ, കണ്ണിൽനിന്നും വെള്ളംവരുക, കരികരിപ്പുണ്ടാകുക, പോളയ്ക്കു വീക്കം ഈ വക ലക്ഷണങ്ങളിൽ ചിലതോ പലതോ കണ്ടാൽ ഉടൻ തക്ക നേത്രചികിത്സകനെക്കാണിച്ചു് സികതാവർത്മമാണോ എന്നറിഞ്ഞു്; ആണെങ്കിൽ മററുകുട്ടികൾക്കു ദോഷംവരാത്തവിധം മാററുകയും, രോഗം പൂർണ്ണമായി മാറുംവരെ സനിഷ്കർഷം ചികിത്സിപ്പിക്കുകയും വേണം. നാലാറുമാസത്തിൽ കുറയാതെ സനിഷ്കർഷം ചികിത്സിച്ചേ എത്ര ആദിമത്തിലാണെങ്കിലും ഈ രോഗം നിവർത്തിക്കൂ. ഒരിക്കൽ നിവർത്തിച്ചാൽ പിന്നെയും ആവർത്തിക്കുന്നുണ്ടോ എന്നു് ഒരു വർഷത്തെയ്ക്കെങ്കിലും പരിശോധിപ്പിച്ചറിഞ്ഞുകൊള്ളണം. കുവൈദ്യന്മാർ ഉരയ്ക്കുക മുതലായ പ്രയോഗങ്ങൾ ചെയ്യാറുണ്ടു്. ഈ വക പ്രയോഗങ്ങൾ രോഗത്തേക്കാൾ ഭയങ്കരമായ ചില പരിണാമഫലങ്ങൾ ഉണ്ടാക്കുന്നതായിട്ടാണു് കണ്ടുവരുന്നതു്. അതിനാൽ നിസ്സാരമെന്നുതോന്നുന്ന ആദിമത്തിൽപോലും "കൈയ്യിൽകിട്ടിയവരേക്കൊണ്ടു" ചികിത്സിപ്പിക്കാൻ ഇടവരുത്തരുതു്.

2 & 3. ഫിരംഗി, പൂയമേഹം. ഇവയിൽ ഒന്നാമതായി വേണ്ടതു് ഈ രോഗങ്ങൾ പിടിപെട്ടാലുടൻ ചികിത്സിച്ചു ഭേദമാക്കുകയാണു്. ഇവയിൽനിന്നും ആന്ധ്യത്തിൽ അവസാനിക്കാവുന്ന ചില നേത്രരോഗ

ങ്ങൾ മാത്രമല്ല, ആയുർനാശം ഉൾപ്പെടെയുള്ള ചില അനിഷ്ടഫലങ്ങളും രണ്ടോ മൂന്നോ തലമുറ നീണ്ടുനില്ക്കുന്നവയായിയുണ്ടായേക്കാം എന്നു നല്ലവണ്ണം ഓർമ്മിക്കണം.

ഫിരംഗിപരമായി നേത്രത്തെ ബാധിക്കുന്ന രോഗങ്ങളിൽ മുഖ്യമായി നേത്രനാഡിയ്ക്കു ദോഷംവരുത്താൻ തക്കവയാണെന്നും ആ മാരിരി രോഗങ്ങൾ (തൃതീയചതുർഥപടലാശ്രിതജാതികൾ) ബാധിച്ചാൽ ചികിത്സകൊണ്ടു പൂർണ്ണഫലം സാദ്ധ്യമല്ലെന്നും അറിയണം. ഇതിനുംപുറമെ ഈ കാരണംകൊണ്ടു സന്താനങ്ങളിലും പല നേത്രരോഗങ്ങളും ഉണ്ടാകാറുണ്ട്. എല്ലാംതന്നെ ഏറക്കുറെ കാഴ്ച്ചനശിപ്പിക്കുന്നവയും ചിലതു് ലിംഗനാശ(പരിപൂർണ്ണമായ ആന്ധ്യം)പരവും ആകുന്നു.

പൂയമേഹം വഴിയായി കണ്ണിൽ പൂയസ്രാവരൂപത്തിലുള്ള (Purselent opthalmia) തും ശുക്ലത്തിലോ (Ulcercornea) അജകയലോ (Staphyloma) സർവ്വാക്ഷിപാകത്തിലൊ (Pan ophthalmitis) അവസാനിക്കാൻ ഇടയുള്ളതും ആയ ദുസ്സഹരോഗവും ധൂമ്രാക്ഷീപാക (Tritis) ജാതിയിലുള്ളതും ഏറെക്കുറെ ആന്ധ്യപര്യവസായിയും ആയ രോഗങ്ങളും ഉണ്ടാവാം. ഈ വക രോഗങ്ങൾ അത്യന്തം നിഷ്കൃഷ്ടിച്ചാൽപോലും ഒരുപോലെ "സാദ്ധ്യങ്ങൾ" എന്നു പറയാൻ വയ്യ. നിഷ്കൃഷ്ടക്കുറവോ ചികിത്സ തുടങ്ങാൻ അല്പംപോലും താമസമോ വന്നാലത്തെ കഥ പറയാനുമില്ല.

4. ഈ രോഗം മാതാവിനു പൂയമേഹദോഷം ഉള്ളതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാകുന്നു. അതുകൊണ്ട് എല്ലാവരും ഗുഹ്യരോഗം ഏപ്പെട്ടാൽ അപ്പോൾത്തന്നെ ചികിത്സിച്ചേ മതിയാകൂ, എന്നതിനും പുറമെ ഗർഭിണികൾ പ്രസവത്തിനു മുമ്പായി പൂയമേഹാദി വല്ലതുമുണ്ടെങ്കിൽ അവ അരുമസ്സന്താനങ്ങളുടെ രക്ഷയെ ഉദ്ദേശിച്ചെങ്കിലും പ്രസവത്തിനു മുമ്പായി പൂർണ്ണമായി ഭേദപ്പെടുത്തേണ്ടതാണ്.

ഗന്ധരോഗങ്ങൾ ദാമ്പത്യംകൊണ്ടു പരസ്പരം പകരാവുന്നവയാകയാൽ ഈ വക രോഗങ്ങൾ ഉള്ളവർ അവയെ ചികിത്സിപ്പിച്ചു പരിപൂർണ്ണം ഭേദമാക്കി മേൽദോഷത്തിന് അവകാശം ഇല്ലെന്നുള്ള അവസ്ഥ സമ്പാദിച്ചശേഷമേ ദാമ്പത്യബന്ധത്തിൽ ഏപ്പെടാവൂ; അല്ലാതെ ചെയ്യുന്നതു് സമുദായത്തിനോടു ചെയ്യുന്ന ഒരു മഹാപരാധം ആണ്. ദാമ്പത്യത്തിനു രോഗമില്ലാത്തവരെ ഏപ്പെടാവൂ എന്നും മററും പറയുന്നതു് ഇന്നത്തെ

പുതുമോടി വാക്യമല്ല എന്നതിന്ന പഴയകാലത്തെ വൈദികസൂത്രങ്ങൾതന്നെ തെളിവാണ്.

കുലമഗ്രേപരീക്ഷേത യേ മാതൃതഃ

പിതൃതശ്ചേതിയഥോക്തം പുരസ്താത്,-(...... തഥാപ്യപസ്മാരാദിദോഷരഹിതാവിതി കുലമഗ്രേ പ്രഥമം പരീക്ഷേത......ഗാർഗ്ഗ്യ നാരായണീയവൃത്തി)

ഇതുപോലെതന്നെ "ബുദ്ധിമതേ കന്യാംപ്രയച്ഛേത്—ബുദ്ധിരൂപശീലലക്ഷണസമ്പന്നാമരോഗാം ഉപയച്ഛേത്." എന്നെല്ലാമാണ പഴയ കാലത്തുതന്നെയുള്ള നിഷ്കൃഷ്കൾ.

അഥവാ ദാമ്പത്യത്തിൽ ഏൎപ്പെട്ടശേഷമായിയെന്നോ ദാമ്പത്യത്തിൽ ഏൎപ്പെട്ടതിൻശേഷം ഗന്ധരോഗങ്ങൾ ഏതെങ്കിലും ബാധിച്ചുവെന്നോ വന്നാൽ ഉടൻ രണ്ടാളും ചികിത്സിപ്പിച്ചു സന്താനോൽപാദനത്തിന്ന മുമ്പായിട്ടെങ്കിലും പൂൎണ്ണമായി ഭേദമാക്കിക്കൊള്ളേണ്ടതാണ്. ശുഭസ്യശീഘ്രം എന്നതു സൎവ്വഥാ യോജിക്കുന്നതു് ഇക്കാൎയ്യത്തിലാണ്. സൂതിഭൃത്യകളുടെ (midwife) കടമയാണ് പെററുവീണ ശിശുവിന്റെ കണ്ണിൽ സൂതികാമാൎഗ്ഗസ്പൎശംകൊണ്ടുണ്ടായ വല്ല മാലിന്യങ്ങളുമുണ്ടെങ്കിൽ ആ ദോഷശാന്ത്യൎത്ഥം വൃത്തിയാക്കി ഔഷധം ഇടേണ്ടതു്. Silvernitrate നൂററുക്ക് ഒന്ന കണ്ടു ദ്രാവകമാക്കിയതു കണ്ണിൽ രണ്ടു തുള്ളി ഇററിച്ചാൽ മതിയാകുന്നതാണ്. (ഈവിധം ചെയ്യുന്നില്ലെന്നു കണ്ടാൽ സൂതിഭൃത്യ ചില ദേശങ്ങളിൽ നിയമപ്രകാരം ശിക്ഷാൎഹയാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.) ഇങ്ങനെ പ്രഥമശുശ്രൂഷ ചെയ്താലും ആദ്യത്തെ എട്ടുപത്തു ദിവസത്തേക്ക കുട്ടിയുടെ കണ്ണിന്ന വല്ലതും വിശേഷമുണ്ടോ എന്ന നിത്യവും നോക്കിക്കൊള്ളേണ്ടതും. അല്പമാത്രംപോലും വിശേഷംകണ്ടാൽ അല്പംപോലും അമാന്തം കൂടാതെ തക്ക നേത്രവിദഗ്ദ്ധനെക്കാണിച്ചു വേണ്ടതു ചെയ്യിക്കേണ്ടതുമാണ്. താമസിച്ചാൽ ശിശു അന്ധനാവാനാണ വളരെ എളുപ്പം.

5. <u>വസൂരി.</u> വസൂരിയുടെ കുമളകൾ കണ്ണിലും വരാം; കൃഷ്ണമണ്ഡലത്തിലും വരാം. ഇതിനുംപുറമെ വലിയജാതി രോഗങ്ങളിൽ മുഖമെല്ലാം നീരുവന്നു കണ്ണു തുറക്കാൻ പാടില്ലാതേയും കണ്ണിന്ന് ആകമാനം പഴുപ്പോടുകൂടിയും ഇരിക്കാൻ ഇടയുണ്ട്.

കേരളത്തിൽ നടപ്പുള്ള വസൂരി രക്ഷാസമ്പ്രദായം രോഗിയെ ചില മുക്കുടിയന്മാരുടെ കാരുണ്യത്തിന്ന മാത്രമായി വിട്ടുകൊടുക്കുകയാണ് എ

ന്നു വരുമ്പോൾ ചില്ലറയായ സംഗതികൾപോലും അനിഷ്ടഫലത്തിൽ കൊണ്ടുവിടാൻ വളരെ ഇടയുണ്ടെന്നു വിശേഷിച്ചു പറയേണ്ടതില്ല. എത്രതന്നെ നിഷ്കൃഷ്ടയോടും ശാസ്ത്രീയമായും ഉള്ള ചികിത്സയായിരുന്നാലും കൃഷ്ണമണ്ഡലത്തിൽ കുരു പുറപ്പെട്ടാൽ ആന്ധ്യം ഒഴിക്കാൻ വയ്യാത്തതായിത്തന്നെ വരും. "പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പൎശനംവരം" എന്നാണല്ലോ ആപ്തവചനം. വസൂരിതന്നെ വരാതെയാക്കാൻ ഏറ്റെക്കുറെക്കഴിയും, അഥവാ വന്നാലും ഒരു ചൊറിവന്നതുപോലെ നിസ്സാരമായി ആക്കിത്തീൎക്കാൻ നിശ്ചയമായും കഴിയും. ഇതിനു ഗോവസൂരിപ്രയോഗം അത്യന്തം പററിയതാണു്. അഞ്ചുവൎഷത്തിൽ ഒരിക്കൽവീതം ഗോവസൂരി കുത്തിവയ്പിച്ചുകൊണ്ടാൽ വസൂരിയെ ഭയപ്പെടേണ്ട ആവശ്യം ഇല്ല.

വസൂരിക്കാരുടെ കണ്ണിൽ കുരു പുറപ്പെടുകയോ കണ്ണു ചുവക്കുകയോ ചെയ്താൽ വേണ്ടതുക്ക ചികിത്സ നയനചികിത്സാവിദഗ്ദ്ധന്മാരെക്കൊണ്ടു ചെയ്യിക്കയല്ലാതെ ഉള്ളിച്ചാറു മുതലായ വസൂരിരക്ഷകന്മാരുടെ മാമൂൽചികിത്സ പാടില്ല. ഈ ജാതി ചികിത്സ രോഗത്തെക്കാൾ ഭയങ്കരമായ ആപത്താണു്. വസൂരികുത്തിവയ്പിന്റെ അൎത്ഥം എന്തെന്നു് അറിയാത്തതിനാലാണു് അതിൽ ജനങ്ങൾക്കു വേണ്ടിടത്തോളം ആഭിമുഖ്യം കാണാത്തതു്. വസൂരികുത്തിവയ്പിൽ അന്തൎഭവിച്ച തത്വത്തെ ഉദാഹരണംകൊണ്ടു സ്പഷ്ടമാക്കാം. നമ്മെ ആരെങ്കിലും—ശത്രുക്കൾ—ഉപദ്രവിക്കാൻ വന്നാൽ കൈയ്യിൽകിട്ടിയ വടിയോ കുടയോ എന്തെങ്കിലുംകൊണ്ടു് ശത്രുവിനെ ഉപദ്രവിച്ചു് ഓടിക്കാനൊ ഹനിക്കാനൊ ശ്രമിക്കുന്നു. എന്നാൽ ഈ നൈസൎഗ്ഗികമായ ഗുണം മാത്രംകൊണ്ടു ശത്രുക്കളെ തോല്പിക്കാൻ എളുപ്പമായിരുന്നെങ്കിൽ യുദ്ധാഭ്യാസങ്ങളും പട്ടാളവും ആവശ്യമില്ലാതിരുന്നേനെ. നമുക്കുള്ള ഈ നൈസൎഗ്ഗികഗുണത്തെ അഭ്യാസംകൊണ്ടു വൎദ്ധിപ്പിച്ചു ശത്രുക്കളെ ജയിക്കാൻതക്ക കെല്പ് ഉണ്ടാക്കുന്ന പദ്ധതിയാണു ധനുൎവിദ്യ (military training). ഇതുപോലെ നമ്മുടെ ശരീരത്തിൽ പുറമേനിന്നും വന്നുചേരുന്ന ശല്യങ്ങളെ (foreign bodies; Toxic agents) തോല്പിച്ചുനശിപ്പിക്കുന്നതിനു ശ്രമിക്കുക നൈസൎഗ്ഗികഗുണമായ ചില അണുക്കളുണ്ടു്. പട്ടാളക്കാരെ യുദ്ധവഴികൾ അഭ്യസിപ്പിച്ചു കെല്പുകൂടിയവരാക്കാവുന്നതുപോലെ ഈ അണുക്കളെ അവയെ ജയിക്കത്തക്കവിധം കെല്പില്ലാത്ത, ശക്തിക്ഷയംവരുത്തിയ, രോഗാണുക്കളെ എതിൎക്കാൻവിട്ടു്; ആവഴിക്കു് ആ ജാതി ശത്രുക്കളെ എത്ര ശക്തിയുള്ളവ ആയിരുന്നാലും തോല്പിക്കത്തക്ക പാടവം അവയ്ക്കു സമ്പാദിച്ചുകൊടുക്കാം. ഇതാണു രോഗനിവാരണജാതി

കുത്തിവയ്പുകളുടെ എല്ലാം യുക്തി. വസൂരിയുടെ അണുക്കളെ ഗോവൎഗ്ഗത്തിൽ പ്രവേശിപ്പിച്ചു ശക്തി ക്ഷയിപ്പിച്ചു മനുഷ്യശരീരത്തിൽ കുത്തിവയ്ക്കുന്നു. അപ്പോൾ മനുഷ്യശരീരത്തിലെ ശല്യപ്രതിഷേധികളായ അണുക്കൾ ഇവയെ എതിൎത്തു തോല്പിക്കാനും ആവിധത്തിൽ ഈ ജാതി അണുക്കളോട് അവ ശക്തിമത്തായിരുന്നാലും എതിൎത്തു തോല്പിക്കത്തക്ക സാമൎത്ഥ്യം സമ്പാദിക്കാനും ഇടയാകുന്നു. ഒരു രാജ്യത്തെ പട്ടാളക്കാർ എത്രകണ്ടു സുശിക്ഷിതരൊ അത്രകണ്ട് ആ രാജ്യത്തിനു ശത്രുക്കളിൽനിന്നും രക്ഷനേടാൻ കഴിയും എന്നവിധം നമ്മുടെ ശരീരത്തിലെ രോഗപ്രതിഷേധാണുക്കൾ തക്കവിധത്തിൽ ശിക്ഷിതങ്ങളായാൽ രോഗാണുക്കൾ ഉള്ളിൽ പ്രവേശിച്ചാലും ശരീരത്തിനു രോഗം പിടിപെട്ടു ദോഷംവരാതെ കഴിയ്ക്കാം.

6. കണ മുതലായ രോഗങ്ങൾ യഥാൎത്ഥത്തിൽ "രോഗ"ങ്ങൾ അല്ല. ശരീരത്തിന്റെ പ്രകൃത്യാ ഉള്ള ജോലികൾക്ക് ഒഴിച്ചുകൂടാത്ത ആവശ്യസാധനങ്ങളായ രസ്യാംശങ്ങ (Vitamines) ളുടെ അഭാവത്താൽ ശരീരത്തിന് ആകമാനം സംഭവിക്കുന്ന ന്യൂനതയാണ്. ഈ കൂട്ടത്തിൽ വെണ്ണ, പാല്, മീൻനെയ്, മുതലായവകളിൽ ധാരാളമായുള്ള ഏ രസ്യ (Vitamin A)ത്തിന്റെ അഭാവത്തിൽ ആദ്യം കണ്ണിന്റെ വെള്ളയും കറുപ്പും ചേരുന്നഭാഗത്തു കടക്കണ്ണിന്റെ എതിരായി മീൻചെതുമ്പൽപോലെ അഥവാ വെള്ളപ്പൂപ്പ് പററിയപോലെ കാണുകയും ക്രമേണ മാലക്കണ്ണ് (രാത്രികാണാൻ പാടില്ലായ്ക) തുടങ്ങുകയും അധികം താമസിയാതെ കൃഷ്ണമണ്ഡലത്തിൽ ശുക്ലംവന്ന് അല്പദിവസംകൊണ്ടു കണ്ണു നിശ്ശേഷമായി പോവുകയും ചെയ്യും. ആഹാരത്തിൽ (Vitamin A. D.) രസ്യം എ. ഡി. എന്ന അംശങ്ങൾ ഉണ്ടായിരുന്നാൽ ഈ അവസ്ഥ വരുകയില്ല. കണ്ണിൽ ഈ ലക്ഷണങ്ങൾ കാണുന്നതിനുമുമ്പുതന്നെ—അഥവാ ജന്മപ്രഭൃതി എല്ലാ ശിശുക്കൾക്കും വേണ്ടവിധത്തിലുള്ള ഭക്ഷ്യങ്ങൾ കൊടുക്കേണ്ടതു് അത്യാവശ്യമാണ്. ദാരിദ്ര്യം ഇതിനു പലപ്പോഴും തടസ്സമായിരിക്കുന്നു. ശരിതന്നെ. എന്നാൽ ആഢ്യന്റെ ഒഴിച്ചുകൂടാത്ത ചുമതല ദരിദ്രലോകത്തെക്കൂടെ തന്റെ ധനംകൊണ്ടു സംരക്ഷിക്കുകയെന്നതാണ്. ഇതുതന്നെയാണ്

യജ്ഞശിഷ്ടാശിനസ്സന്തോ
മുച്യന്തേ സൎവ്വകില്ബിഷൈഃ
ഭുഞ്ജതേ തേ ത്വഘം പാപാ-
യേ പചന്ത്യാത്മകാരണാത്.

എന്ന ഭഗവദ്വചനാത്ഥം (ഭഗവദ്ഗീത 3-13 എന്റെ വ്യാഖ്യാനം നോക്കുക.)

കുട്ടികൾക്കു വെണ്ണ, നെയ്യ്, പാല്, (ആടിന്റേയോ പശുവിന്റേയോ) മീൻനെയ്യ്, പച്ചക്കറിസാധനങ്ങൾ, ഇലക്കറികൾ, ആടിന്റെ കരൾ മുതലായവ ക്രമമായി കൊടുക്കേണ്ടതാണ്. ദരിദ്രലോകക്കു പാൽ, നെയ്യ്, മീനെണ്ണ മുതലായവയ്ക്കു പകരം വളരെ വിലക്കുറവുള്ള മങ്കാരത്തെണ്ണയെന്നു പറയുന്ന സ്രാവിന്റെ നെയ്യായാലും മതി.

7. പൊടി, ഈച്ച മുതലായവയുടെ സമ്പക്കം. പൊടി, പുക മുതലായവ ശല്യമായി ഭവിച്ചു കണ്ണിനെ കോപിപ്പിക്കും. കൃഷ്ണശുക്ലമണ്ഡലങ്ങളിൽ ചെറുതായ വ്രണങ്ങൾക്കു കാരണമാകുകയും ചെയ്യും. പൊടി പുക മുതലായവ കണ്ണിൽ പെട്ടാൽ കണ്ണിൽനിന്നും വെള്ളംവരുന്നതു പ്രകൃതി കണ്ണുകഴുകി ആവക ശല്യങ്ങളെ ദൂരീകരിക്കാൻ ചെയ്യുന്ന ശ്രമമാണ്. ഈ ശ്രമങ്ങളെ യുക്തിപൂവ്വം നാം സഹായിക്കണം. അതായതു് ആവതും പൊടി, പുക മുതലായവ കണ്ണിൽപെടാതെ കഴിക്കുക; പെട്ടു എന്നു വന്നാൽ പ്രഥമാവസരത്തിൽ ശുദ്ധമായ വെള്ളംകൊണ്ടു കണ്ണുകഴുകി ശല്യശാന്തി സമ്പാദിച്ചുകൊൾക.

ഈച്ച അന്ന്യമിക്കിലുള്ള മാലിന്യങ്ങളെ കൊണ്ടുവന്നു നമ്മുടെ കണ്ണിൽ ആക്കാൻ ഇടയുണ്ടു്. ഈ വഴിക്കു ചെങ്കണ്ണ്, സികതാവർത്മം, മുതലായ പല നേത്രരോഗങ്ങളും പകരാറുണ്ടു്. ഇതിനു പ്രതിവിധി പരിസരങ്ങളിൽ ഈച്ച വദ്ധിക്കാതെ കഴിക്കുകതന്നെ. ചാണകം, മലം, ചീയുന്ന ചപ്പ്, ഭക്ഷണസാധനങ്ങളുടെ അവശിഷ്ടങ്ങൾ ഇവ കൂടിക്കിടക്കാൻ ഇടവരുത്താതെ യഥാകാലം നശിപ്പിച്ചുകൊണ്ടാൽ ഈച്ച ഉണ്ടായിരിക്കുകയേ ഇല്ല. തങ്ങളുടെ മുഖവും ചുററുപാടും വൃത്തിയാക്കി വയ്ക്കുന്നതുകൊണ്ടു് ഈ വഴിക്കു വരാവുന്ന രോഗങ്ങളെ ഒഴിക്കാവുന്നതാണ്.

8. അഭിഘാതം. ചിലചില തൊഴിലിൽ ഏപ്പെടുന്നവർ, പഴുത്ത ഇരുമ്പുകൂടംകൊണ്ടടിക്കേണ്ടിവരുന്ന കൊല്ലൻ, കടച്ചിൽ യന്ത്രങ്ങളിൽ വേലചെയ്യുന്നവർ, തെക്കൻതിരുവിതാംകൂറിലെ നടപ്പുപോലെ നെല്ലുതല്ലി എടുക്കുന്നവർ, കല്ലുണിക്കാർ എന്നിത്യാദി പല തൊഴിലുകാക്കും കണ്ണിൽ അഭിഘാതങ്ങൾ ഏല്ക്കാൻ വളരെ അവകാശമുണ്ടു്. ഉദരനിമിത്തം തൊഴിലിൽ ഏപ്പെടാതിരിക്കാനും നിവൃത്തിയില്ല. ഇങ്ങനെയുള്ള

വർ ആ വക തൊഴിലുകളിൽ ഏൎപ്പെട്ടമ്പോൾ ഒരു നേത്രരക്ഷ (goggles) ഉപയോഗിക്കുന്നതു ബുദ്ധിപൂൎവ്വവും അവശ്യവും ആകുന്നു. വളരെ വില കുറഞ്ഞതായ നേത്രരക്ഷ സമ്പാദിക്കാൻ സാധിക്കും. ഇങ്ങനെയല്ലാതെ അഭിഘാതം ഏല്ക്കാൻ ഇടവന്നാൽ പലപ്പോഴും കാഴ്ചക്കു ഏറെക്കുറെ നഷ്ടം സംഭവിക്കുകതന്നെ ചെയ്യും.

ചെറുപ്രായക്കാരുടെ കൂട്ടത്തിൽ പൊട്ടാസും മനയോലയും കൊണ്ടുള്ള കളി പരമദുരിതാവസ്ഥയ്ക്കു കാരണമാകുന്നതു് അടിയ്ക്കടി കാണാൻ ഇടവരുന്നുണ്ടു്. പടക്കം മുതലായവകൊണ്ടു കളിക്കാൻ—പടക്കം ഉണ്ടാക്കുവാൻ, ഒട്ടും തന്നെ അനുവദിച്ചുകൂടാത്തതാണു്. പടക്കം ഉണ്ടാക്കുന്ന സാധനങ്ങളുടെ ക്രയവിക്രയകാൎയ്യത്തിൽ രാജനിയമംതന്നെയുണ്ടാകേണ്ടതാണെന്നാണു് എന്റെ അഭിപ്രായം.

കുവൈദ്യന്മാർ ചെയ്യാറുള്ള "ഉരയ്ക്കുക" "കായം കുത്തുക" മുതലായ ശസ്ത്രക്രിയകൾ, രൂക്ഷമായ മരുന്നുകൾ കൊണ്ടുള്ള നസ്യാദിപ്രയോഗങ്ങൾ എന്നിവകൊണ്ടു തീൎത്താൽ തീരാത്തതായ കേടുകൾ കണ്ണിനു വരുന്നതായി കാണുന്നുണ്ടു്. എന്നല്ല ഈ വക ചികിത്സകൊണ്ടു് വലിയദോഷം വരാത്തതായ കണ്ണു കണ്ടിട്ടേയില്ലെന്നു പറയാം. ഈ ജാതി അഭിഘാതത്തെ നിവാരണം ചെയ്യാൻ കുവൈദ്യനെ ശരണം പ്രാപിക്കാതിരുന്നാൽ മാത്രം മതി.

9. കോങ്കണ്ണ് മുതലായവ. കോങ്കണ്ണു് ഉണ്ടാവുന്നതു പലപ്പോഴും ആ കണ്ണിന്റെ ശരിയായ കാഴ്ചയില്ലാഞ്ഞിട്ടാണു്. രണ്ടുകണ്ണിൽ ഒന്നിനു പറയത്തക്ക കാഴ്ചക്കുറവു വന്നാൽ ആ കണ്ണു നേരെ നില്ക്കാതെ കാക്കക്കണ്ണായി തീരുക ഒരു പ്രകൃതിനിയമമാണു്. കോങ്കണ്ണു് ആരംഭിക്കുന്നുവെന്നു തോന്നുമ്പോൾതന്നെ, അഥവാ രണ്ടുകണ്ണിൽ ഒന്നിനോ രണ്ടിനും തന്നെയോ അല്പമായിട്ടെങ്കിലും കാഴ്ചക്കുറവുണ്ടെന്നു തോന്നുന്ന പക്ഷം ഉടനെ പരിശോധിപ്പിച്ചു കാഴ്ച ശരിപ്പെടുത്തത്തക്ക കണ്ണട വയ്ക്കുന്നപക്ഷം കോങ്കണ്ണില്ലാതെ കഴിക്കാം. കുറെക്കാലം കോടി നിന്നുപോയ കണ്ണു ശസ്ത്രക്രിയകൊണ്ടു നേരെ നിറുത്താമെന്നു വരുമെങ്കിലും കാഴ്ച മേലൊരിക്കലും ശരിയായികിട്ടാൻ സാദ്ധ്യമല്ല. അതിനാൽ കോങ്കണ്ണിന്റെ ഛായ തോന്നിയാൽ വേണ്ടതു ചെയ്തു കാഴ്ചയ്ക്കു ഹാനി വരാതെ രക്ഷിക്കേണ്ടതു് ആവശ്യമാണു്.

10. സൂക്ഷ്മദൃഷ്ടി. (Myopia) എന്നു പറയുന്ന രോഗം പലപ്പോഴും വേണ്ടവിധം രക്ഷിച്ചുകൊണ്ടു പോകാഞ്ഞാൽ കാലക്രമംകൊണ്ടു കാഴ്ച നിശ്ശേഷം നശിപ്പിക്കാൻ പര്യാപ്തമാണ്. വളരെ അടുപ്പിച്ചാലെ ചെറിയസാധനങ്ങൾ കാണാവു എന്നാണിതിൻെറ സാമാന്യലക്ഷണം. ക്ലാസ്സിൽ ബോർഡിൽ എഴുതിയാൽ വ്യക്തമല്ല എന്നോ വായിക്കാൻ പുസ്തകം മുഖത്തോടടുപ്പിച്ചുപിടിക്കുന്നുവെന്നോ കണ്ടാൽ കണ്ണു പരിശോധിപ്പിച്ചു കണ്ണാടി വയ്ക്കണം. ഈ രോഗം ശക്തിമത്തായിട്ടുള്ള കുട്ടികൾ സാധാരണ നിലവിലിരിക്കുന്ന വിദ്യാഭ്യാസക്രമങ്ങൾ സഹിക്കത്തക്കവരല്ല. അവരെ കഠിനമായ ഗ്രന്ഥകാലക്ഷേപത്തിനു വിട്ടാൽ അല്പകാലത്തിനുള്ളിൽതന്നെ സൂര്യവെളിച്ചം പോലും കാണാൻ ശേഷിയില്ലാത്തവരായിതീരുന്നതാണ്.

ആരും തന്നെ വായിക്കുക തയ്ക്കുക മുതലായ കൺകൊണ്ടുള്ള വേലകളിൽ ഏൎപ്പെടുന്നതു് നല്ല വെളിച്ചം കിട്ടത്തക്കവിധത്തിലേ ആകാവൂ. വെളിച്ചത്തിനു അഭിമുഖമായി ഇരിക്കരുതു്. വെളിച്ചം വശത്തുനിന്നും, പിൻകോണിൽനിന്നും, സ്വാപേക്ഷികമായ നിരൃതി, മരുത്, കോണങ്ങളിൽ ഒന്നിൽനിന്നും തൻെറ മുമ്പിലിരിക്കുന്ന വേലയിൽ വീഴത്തക്കവണ്ണം വേണം ഇരുന്നു വായിക്കുകയോ തയ്ക്കുകയോ ചെയ്യുക. കിടന്നുംകൊണ്ടു വായിക്കുക, കുനിഞ്ഞിരുന്നു വായിക്കുക ഇവയും കണ്ണിനു നന്നല്ല. വിശേഷിച്ചും സൂക്ഷ്മദൃഷ്ടി മുതലായവയോടുകൂടിയ ഒരാൾക്കു കണ്ണുകളെ സംബന്ധിച്ചു ഈവക സുഖചര്യാക്രമങ്ങളിൽ വളരെ മനസ്സിരുത്തിയേ മതിയാവൂ. ക്ഷീണനേത്രന്മാർ വളരെനേരം ഒന്നായി കണ്ണുകൊണ്ടു വേലചെയ്യുകയും അരുതു്.

സൂര്യൻ, മിന്നൽ, ആൎക്ക്‌ലാമ്പ് (Arc lamp) മുതലായ അതിപ്രകാശവസ്തുക്കളെ നോക്കരുതു്. സൂര്യനെ അരമിനിട്ടുനേരത്തേയ്ക്കു നേരെ നോക്കാൻ ഇടവന്നാൽ ആ കണ്ണു മേൽ ശരിയാക്കാൻ പാടില്ലാത്ത വിധം കാഴ്ച നഷ്ടപ്പെട്ടും. സൂര്യഗ്രഹണം മുതലായതു നോക്കണമെങ്കിൽ ഘനത്തിൽ പുക പിടിപ്പിച്ച കണ്ണാടിയിൽ കൂടെ കൊഴക്കെ ചാണകം കലക്കിയതു മാതിരി ഇരുണ്ടു കലങ്ങിയ വെള്ളത്തിലൊ മറെറാ പ്രതിബിംബിപ്പിച്ചു മാത്രമേ നോക്കാവൂ. അതും അല്പനിമിഷങ്ങളിൽ കൂടുതൽ ഒന്നായി നോക്കരുതു്.

# വാഗ്ഭടാനന്ദഗുരുക്കളുടെ വാചാടതചം

(തുടച്ച്)

(കലിയുഗഭീമൻ)

"നിരുപാദാന സംഭാരമഭിത്താവേവതന്വതേ
ജഗച്ചിത്രം നമസ്തസ്മൈകലാശ്ലാഘ്യായശൂലിനേ"

എന്നീപദ്യം വ്യതിരേകാലങ്കാരധ്വനിക്കു കാവ്യപ്രകാശത്തിൽ ഉദാഹരിച്ചിട്ടുള്ളതാകുന്നു.

• "അത്ര ഉപാദാനൈർഭിത്താവലേഖ്യകാരിഭ്യഃ കലാവദ്ഭ്യഃ ശൂലിനോ വ്യതിരേകോവ്യംഗ്യഃ" എന്നു കാവ്യപ്രദീപത്തിൽ ആ വ്യതിരേകധ്വനിയെ ഉപപാദിച്ചുകാണിച്ചിരിക്കുന്നു. ഇതിലെ പ്രധാനവ്യംഗ്യം ശൂലിവിഷയകമായ ഭാവമാണെന്നുള്ളതു നിർവ്വിവാദമാണല്ലോ. അപ്പോൾ അതിന്നംഗമായ അലങ്കാരധ്വനി തദപേക്ഷയാ അപ്രധാനവ്യംഗ്യമാണെന്നതിന്നു വല്ല സംശയവുമുണ്ടോ? ഏവഞ്ച ഗുരുക്കളുടെ അപാർത്ഥകഥനസംരംഭംകൊണ്ടു കാര്യമെന്തു്? ആ വിവരണപ്രകാരം പ്രകൃതലക്ഷണത്തിനു ഈവക അലങ്കാരധ്വനിയിൽ ആപതിക്കുന്ന അതിവ്യാപ്തി അപരിഹാര്യമാണല്ലോ! വ്യംഗ്യരൂപമായ സമാസോക്ത്യാദികളിലും രസവദാദ്യലങ്കാരങ്ങളിലും കാവ്യജീവിതവൃത്തിയിൽ നിർദ്ദേശിച്ച അവ്യാപ്തി അലങ്കാരധ്വനിയിൽ അതിവ്യാപ്തിയായി രൂപാന്തരപ്പെട്ടു എന്നല്ലാതെ മറെറന്തൊന്നാണു്? കാവ്യജീവിതവൃത്തിയിലെ ലക്ഷണത്തിനും ഈവക ധ്വനിയിൽ അതിവ്യാപ്തി വരികയില്ലേ എന്നാണെങ്കിൽ ആ കാര്യം വേറെ, അതിനുള്ള നിവൃത്തി കാവ്യജീവിതവൃത്തിയിൽത്തന്നെ കാണിച്ചിട്ടുണ്ടെന്നും സശ്രദ്ധം വായിക്കുന്നവൎക്കു് അതു ഗ്രഹിക്കാമെന്നും മാത്രമേ തൽക്കാലം പറയുന്നുള്ളു. ഭാവാദ്യുപസ്കാരകമായ അലങ്കാരധ്വനിക്കു ധ്വനിത്വം തന്നെ യുക്തമാണോ? ധ്വനിത്വം വേണമെങ്കിൽ പ്രധാനവ്യംഗ്യമായിരിക്കേണ്ടേ? ധ്വനിത്വംതന്നെ ഭഗ്നമായിരിക്കെ അലക്ഷ്യമല്ലാത്തയാൽ അതിവ്യാപ്തി ദോഷത്തിന്നവകാശമില്ലല്ലോ എന്നും ശങ്കിക്കേണ്ട. താദൃശാലങ്കാരം ധ്വനിയാണെന്നാകുന്നു ആലങ്കാരികസിദ്ധാന്തം. അതിനുള്ള യുക്തി കാവ്യജീവിതവൃത്തിയിലെ 17-ാം ഭാഗത്തിലും മററും നിരൂപിച്ചിരിക്കുന്നതു നോക്കിക്കൊൾക. വിമതന്മാൎക്കു കാവ്യജീവിതവൃത്തിയിൽ പ്രാമാണ്യബുദ്ധിയില്ലെന്നുവരികിൽ അവർ രസഗംഗാധരത്തിലെ ശബ്ദശക്തിമൂലാലങ്കാരധ്വനിപ്രകരണം നോക്കി തൃപ്തിപ്പെട്ടുകൊള്ളട്ടെ.

ഇത്രയുംകൊണ്ടു് ഭ്രൂഷണലക്ഷണം സമാസോക്ത്യാദിയിലും രസവദാദ്യാലങ്കാരത്തിലും അവ്യാപ്തമാണെന്നും തമ്പുരാൻെറ വിവക്ഷയ്ക്കും വിവരണത്തിന്നും വിരുദ്ധമായി 'വാച്യ'മെന്നതിന്ന പ്രധാനവ്യംഗ്യഭിന്നമെന്ന കണ്ണടച്ചു് അർത്ഥം കല്പിക്കുന്നതായാലും അതിലെ അവ്യാപ്തി അതിവ്യാപ്തിയായി പരിണമിക്കയേ ഉള്ളൂവെന്നും അതിനാൽ താദൃശലക്ഷണം നിഷ്കൃഷ്ടമല്ലെന്നു കാവ്യജീവിതവൃത്തിയിൽ പറഞ്ഞിരിക്കുന്നതു് അയുക്തമല്ലെന്നും സിദ്ധിച്ചുവല്ലൊ.

ഇങ്ങിനെയിരിക്കെ "തമ്പുരാൻെറ ലക്ഷണം അതിവ്യാപ്തി തുടങ്ങിയ ദോഷങ്ങളാൽ ഗ്രസ്തമല്ലാത്തതിനാൽ അദൃഷ്ടവും പ്രൌഢന്മാൎക്ക കടിച്ചുടയ്ക്കേണ്ടതാകയാൽ നിഷ്കൃഷ്ടവുമാണു്. ഇതു നിൎവ്വിവാദമത്രെ" എന്നിങ്ങനെ ക്രൂസൽക്കൂടാതെ ഉദ്ഘോഷിക്കുന്ന വാശടാനന്ദഗുരുക്കൾ അവർകൾ തൻെറ ജ്ഞാനലവദുൎവ്വിദഗ്ദ്ധതയുംകൊണ്ടു് അക്രമമായി പലതും പ്രവൎത്തിച്ചുനോക്കീട്ടും കാൎയ്യമില്ലെന്നുവന്നതും കഷ്ടമായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. പ്രൌഢനായ ഗുരുക്കൾക്കു കടിച്ചുടച്ചുനോക്കുവാൻ പാത്രമായിത്തീൎന്ന ഭ്രൂഷണലക്ഷണത്തിൻെറ സ്ഥിതി അതിലും കഷ്ടമായെന്നും പറയാതെ കഴികയില്ല. പക്ഷെ ഇത്രയെങ്കിലും മൎദ്ദിച്ചുനോക്കീട്ടും കടന്നുപോയല്ലോ; അതുതന്നെ വലിയ ഭാഗ്യമായിപ്പോയി എന്നു സമാശ്വസിക്കതന്നെ.

"ചമൽകാരാശ്രയമായ വാക്യഭംഗിയാണലങ്കാരം" എന്ന ഭ്രൂഷണവാക്യത്തെ കാവ്യജീവിതവൃത്തികാരൻ ആക്ഷേപിച്ചിരിക്കുന്നതായി വിചാരിച്ചു് ആക്ഷേപകൻ അധിക്ഷേപിക്കുന്നതു വിവേകശൂന്യതകൊണ്ടു മാത്രമാണു്.

ഈ വിധത്തിൽ വിരോധാഭാസം ശ്ലേഷമൂലകാലങ്കാരത്തിൽ ചേരേണ്ടതാണെന്നു പ്രത്യേകിച്ചു് ഓൎമ്മിപ്പിക്കേണ്ടതില്ലല്ലോ, എന്ന ഭാഷാഭ്രൂഷണവാക്യത്തെ അധികരിച്ചു സാഹിത്യഭ്രൂഷണം ചെയ്തിരിക്കുന്ന ആക്ഷേപം യുക്തമല്ലെന്നു പ്രതിപാദിച്ചതിന്നുശേഷം, ഭാഷാഭ്രൂഷണത്തിലെ ലക്ഷണകാരികയ്ക്കു്, "ചമല്ക്കാരജനകമായ ശബ്ദഭംഗിയോ അൎത്ഥഭംഗിയോ ആകുന്നു അലങ്കാരം" എന്നൎത്ഥംപറയാമായിരിക്കെ "ചമല്ക്കാരത്തിനാശ്രയമായ വാക്യഭംഗിതന്നെ അലങ്കാരം" എന്നു വിവരിച്ചിരിക്കുന്നതിനെക്കുറിച്ചായിരുന്നു ആക്ഷേപിച്ചിരുന്നതെങ്കിൽ ഇതിലും ഭേദമായിരുന്നു എന്നിങ്ങനെ സാഹിത്യഭ്രൂഷണത്തിൻെറ ആക്ഷേപത്തെ ഒന്നുക്കൂടി കളിയാക്കുകയാണു് കാവ്യജീവിതവൃത്തിയിൽ ചെയ്തിരിക്കുന്നതു്. അതു് മ

നസ്സിലാക്കാതെ അതുമിതും പറയുന്ന വാഗ്ഭടാനന്ദഗുരുക്കൾ അവർകളുടെ വിവേകം വളരെ വിചിത്രമെന്നല്ലാതെ മറെറന്തുപറയട്ടെ. "ചമൽകാരാശ്രയം വാക്യഭംഗി"യാണെന്നുപറഞ്ഞതു തീരെ അയുക്തമാണെന്നു കാവ്യജീവിതവൃത്തികാരനഭിപ്രായമുണ്ടെങ്കിൽ പ്രകൃതലക്ഷണം നിഷ്കൃഷ്ടമല്ലെന്നുപറഞ്ഞു് ദോഷാവിഷ്കരണംചെയ്യുന്ന സ്ഥലത്തല്ലേ അതിനെപ്പററിയും ആക്ഷേപിക്കുക. നേരെമറിച്ച്, സാഹിത്യഭൂഷണോക്തദോഷങ്ങളെ നിരസിച്ച് ഭാഷാഭൂഷണഗ്രന്ഥത്തെ സമർത്ഥിക്കുന്നതായ ഉപോദ്ഘാതത്തിലെ സന്ദർഭത്തിലാണോ? അതിന്നു വല്ല ന്യായവുമുണ്ടോ? ഏതൊരുഘട്ടത്തിൽ ഏതൊരു ഗ്രന്ഥത്തിൽ പരന്മാർ ചെയ്തിരിക്കുന്ന ദോഷാരോപണങ്ങളെ പരിഹരിക്കുന്നുവോ ആ ഘട്ടത്തിൽ ആ ഗ്രന്ഥത്തേക്കുറിച്ചു സ്വയം ദോഷോദ്ഭാവനം ആരെങ്കിലും ചെയ്യുമോ? അങ്ങിനെ ഒരു സചേതനൻ കരുതുമോ? എന്നു മാത്രമല്ല, "ആ പദ്യത്തിൽ ചമൽകാരം ഉണ്ട് എന്നതിന് ആ പദ്യം ചമൽകാരത്തിന്നു് അധികരണമാകുന്നു എന്നോ മറേറാ അർത്ഥം കല്പിച്ചുകൊണ്ട് ആക്ഷേപിക്കുന്നതു് എത്രകണ്ടു ഉചിതമായിരിക്കും" എന്നു ചോദിച്ചുകൊണ്ടാണു് ഭാഷാഭൂഷണപംക്തിയെ സമർത്ഥിക്കുന്നതു്. 204-ാംഭാഗം നോക്കുക. അത്രയുമല്ല, സഹൃദയന്മാരുടെ ഹൃദയത്തിന്നു് ആഹ്ലാദത്തെ ജനിപ്പിക്കുന്നതായ കവിതാധർമ്മത്തിന്നു ചമൽകാരമെന്നു പേർ. ചമൽകാരത്തിന്നു് ആശ്രയമായ വാക്യഭംഗിതന്നെ അലങ്കാരം" എന്നാണു് ഭാഷാഭൂഷണത്തിൽ പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു കാവ്യജീവിതവൃത്തികാരൻ ആക്ഷേപിക്കയാണെങ്കിൽ ആ ചമൽകാരവിവരണത്തെയാണ് ആക്ഷേപിക്കുക. വാക്യഭംഗി തദാശ്രയംതന്നെയാകയാൽ അതിനെയായിരിക്കയില്ല.

ഈ സ്ഥിതിക്കു വാക്യഭംഗി ചമല്കാരാശ്രയമാണെന്നു പറഞ്ഞിരിക്കുന്നതിനെ കാവ്യജീവിതവൃത്തിയിൽ ആക്ഷേപിച്ചിരിക്കുന്നുവെന്നു വകതിരിവുള്ളവരാരെങ്കിലും വിചാരിക്കുമോ? വാഗ്ഭടാനന്ദഗുരുക്കൾ അങ്ങിനെ വിചാരിക്കമാത്രമല്ല, അതിന്മേൽ പല അസംബന്ധങ്ങളും പറയുന്നു. കണ്ണും കൈയ്യും കാലും എന്നുവേണ്ട നഖവും രോമവുമൊക്കെ ആനന്ദത്തിന്നു് ആധാരമാകാമത്രെ. അതിലേയ്ക്കു കൃഷ്ണഗാഥയിലെയും ശ്രീകൃഷ്ണചരിതത്തിലെയും ചില പദ്യങ്ങൾ എടുത്തു കാണിക്കയുംചെയ്യുന്നു. പോരെ പ്രമാണം. അതുമാത്രമല്ല, നാമുച്ചരിക്കുന്ന ശബ്ദത്തിലാണു് ചരാചരാത്മകമായ ഈ പ്രപഞ്ചംതന്നെ സ്ഥിതിചെയ്യുന്നതെന്നും അതിനാൽ ശബ്ദത്തിൽ ചമല്കാരത്തിന്നു് ഇരിക്കാൻ യാതൊരുപ്രയാസവുമില്ലെന്നു അഭിപ്രായപ്പെടുകയും അതിലേയ്ക്കു പ്രമാണമായി ഹരിയുടെ വാക്യപദീയത്തിലെ

"അനാദിനിധനം ബ്രഹ്മശബ്ദതത്ത്വംയദക്ഷരം
വിവൎത്തതേത്ഥഭാവേനപ്രക്രിയാജഗതോയതഃ"

എന്ന മംഗളപദ്യം ഉദ്ധരിക്കയും ചെയ്യുന്നു. എന്തൊരു കഷ്ടം! ശാസ്ത്രഗ്രന്ഥങ്ങൾ പലതും അച്ചടിച്ചിട്ടുള്ളതുകൊണ്ടു് ഇക്കാലത്തു് അവകൾ സുലഭങ്ങൾ തന്നെയാണു്. എന്നാൽ ശാസ്ത്രപ്രതിപാദിതമായ വിഷയത്തിൻെറ ജ്ഞാനം ഗുരുമുഖേന അദ്ധ്യയനം ചെയ്തു സമ്പാദിക്കേണ്ടതാണെന്നു മാത്രം. അല്ലാതെ ഗ്രന്ഥം നോക്കി സൎവ്വംഗ്രഹിച്ചതായി ഭാവിച്ചു് അഹങ്കരിക്കുന്നതു് അവഹേളാസ്പദമാണു്. നാമുച്ചരിക്കുന്ന ശബ്ദമാണു ചരാചരാത്മകമായ പ്രപഞ്ചത്തിന്നു് അധിഷ്ഠാനമെന്നു പ്രസ്തുതകാരികയ്ക്കൎത്ഥമില്ല. അങ്ങിനെ ഹരി പറഞ്ഞിട്ടില്ല; പറകയുമില്ല. പറഞ്ഞാൽ കൊള്ളുകട്ടിപോലും കൂട്ടാക്കുകയില്ല. ആ മഹാനുഭാവൻ പറഞ്ഞിരിക്കുന്നതു ശബ്ദബ്രഹ്മത്തിൻെറ വിവൎത്തമാണു് ഈ പ്രപഞ്ചമെന്നാകുന്നു. കാൎയ്യരൂപമായ ശബ്ദത്തിൻെറ വിവൎത്തമാണു് എന്നല്ല. "യതഃ യാതൊന്നിൽ നിന്നാണോ, ജഗതഃ=ചരാചരാത്മകമായ പ്രപഞ്ചത്തിൻെറ, പ്രക്രിയാ=പ്രഥമക്രിയാ-അതായതു ഉൽപത്തി, യൽ=യാതൊന്നും, അനാദിനിധനം=ഉൽപത്തിവിനാശരഹിതം-അതായതു നിത്യവും, അക്ഷരം=വൈഖരിക്കു-നാമുച്ചരിക്കുന്ന വൎണ്ണാത്മകശബ്ദത്തിന്നു-കാരണഭൂതവും ആണോ. ആ, ശബ്ദതത്ത്വംബ്രഹ്മ=ആ നാദരൂപമായബ്രഹ്മം, അൎത്ഥഭാവേന=ഘടപടാദികാൎയ്യരൂപത്തിൽ, വിവൎത്തതേ=വിവൎത്തിക്കുന്നു-പ്രതിഭാസിക്കുന്നു. എന്നാണു പ്രകൃതകാരികയുടെ അക്ഷരാൎത്ഥം. രജ്ജു യാതൊരു വികാരവുമേല്ക്കാതെതന്നെ സൎപ്പരൂപത്തിൽ അവഭാസിക്കുന്നതുപോലെയുള്ള അവഭാസനമാണു വിവൎത്തം. നേരെമറിച്ചു് പാലു് തൈരായി മാറുന്നതുപോലെയുള്ള മാററമാണു പരിണാമം. ഈ രണ്ടു വാദങ്ങളിൽ ഹരിക്കു സമ്മതമായതു വിവൎത്തവാദമാണെന്നു ഹേലാരാജീയം മുതലായ പ്രാചീനവ്യാഖ്യാനങ്ങളാൽ നിശ്ചയിക്കാവുന്നതാണു്. നാഗേശഭട്ടൻെറ അഭിപ്രായവും ഇതുതന്നെയാണു്. ഉപാദാനസമസത്താകകാൎയ്യാപത്തിപരിണാമം. ഉപാദാനവിഷമസത്താകകാൎയ്യാപത്തി വിവൎത്തം. ഈവകയൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. കാരികയിൽ നിൎദ്ദേശിച്ചിരിക്കുന്ന ശബ്ദബ്രഹ്മത്തിൻെറ സ്വരൂപത്തെപ്പററിമാത്രം കുറഞ്ഞൊന്നുപറയാം.

പ്രളയാനന്തരം അനുപഭുക്തങ്ങളും കാലവശാൽ പരിപക്വങ്ങളുമായ പ്രാണികൎമ്മങ്ങളാൽ സ്വസ്വകൎമ്മഫലാനുഭോഗത്തിനായി ചേതനൻെറ അബുദ്ധിപൂൎവ്വകമായ സൃഷ്ടിയായി മായയും പുരുഷനും ആവിൎഭവി

ക്കുന്നു. അനന്തരം പരമേശ്വരന്റെ സിസൃക്ഷാത്മികമായ മായാവൃത്തി ജനിക്കുന്നു. അതിനുശേഷം ത്രിഗുണാത്മകവും അവ്യക്തവുമായ ബിന്ദു ആവിർഭവിക്കുന്നു. ഇതുതന്നെയാണ് ഈശ്വരന്റെ ശക്തിതത്ത്വം. ആ ബിന്ദുവിന്റെ അചിദംശം ബീജവും; ചിദചിന്മിശ്രമായ അംശം നാദവുമാകുന്നു. ചിദംശം ബിന്ദുവാകയാൽ അചിച്ഛബ്ദംകൊണ്ടു ശബ്ദാർത്ഥോഭയസംസ്കാരരൂപയായ അവിദ്യയാണു പ്രതിപാദിക്കപ്പെടുന്നതു്. ഈ ബിന്ദുവിൽനിന്നു ശബ്ദബ്രഹ്മാപരനാമധേയവും വർണ്ണാദിവിശേഷരഹിതവും ജ്ഞാനപ്രധാനവും സൃഷ്ട്യുപയോഗ്യവസ്ഥാവിശേഷരൂപവും ചേതനമിശ്രവും ആയനാദമാത്രം പ്രകാശിക്കുന്നു. ജഗത്തിന്നു് ഉപാദാനകാരണമായ ഈ നാദമാത്രത്തെയാണു ശബ്ദബ്രഹ്മമെന്നും 'പര'യെന്നുംമററും പറയുന്നതു്. ഹരികാരികയിൽ ജഗത്തിനു ഉപാദാനകാരണമായി നിർദ്ദേശിച്ചിരിക്കുന്ന ആ ശബ്ദതത്വമായ ബ്രഹ്മം ഇതുതന്നെയാണ്. അല്ലാതെ, തദ്വിവർത്തവും കാര്യരൂപവും കണ്ഠതാലവാദ്യഭിഘാതജന്യവുമായ വർണ്ണാത്മകശബ്ദമല്ല.

"തതോപരിപാകപ്രാണികർമ്മഭിഃ കാലവശാൽ പ്രാപ്തപരിപാകൈഃ സ്വഫലപ്രദാനായ ഭഗവതഃ അബുദ്ധിപൂർവ്വികാസൃഷ്ടിർമായാപുരുഷാവാവിർഭവതഃ തതഃ പരമേശ്വരസ്യസിസൃക്ഷാത്മികാ മായാവൃത്തിർജ്ജായതേ. തതോബിന്ദുരൂപമവ്യക്തം ത്രിഗുണം ജായതേ. ഇദമേവശക്തിതത്ത്വം. തസ്യബിന്ദോരചിദംശോബീജം ചിദചിന്മിശ്രാംശോ നാദഃ ചിദംശോബിന്ദുരിത്യചിച്ഛബ്ദേന ശബ്ദാർത്ഥോഭയസംസ്കാരരൂപാ അവിദ്യോച്യതേ. അസ്മാൽബിന്ദോശ്ശബ്ദബ്രഹ്മാപരനാമധേയം വർണ്ണാദിവിശേഷരഹിതം ജ്ഞാനപ്രധാനം സൃഷ്ട്യുപയോഗ്യവസ്ഥാവിശേഷരൂപം ചേതനമിശ്രം നാദമാത്രമുൽപദ്യതേ. ഏതജ്ജഗദുപാദാനംരവപരാദിശബ്ദൈർവ്വ്യവഹ്രീയതേ. തദുക്തം ഹരിണാ—

"അനാദിനിധനംബ്രഹ്മശബ്ദതത്വംയദക്ഷരം
വിവർത്തതേർത്ഥഭാവേന ജഗതഃ പ്രക്രിയായതഃ" ഇതി

എന്നിങ്ങനെ നാഗേശഭട്ടൻ തന്റെ വൈയ്യാകരണസിദ്ധാന്തമഞ്ജൂഷയിൽ വിവരിച്ചിരിക്കുന്നതു നോക്കുക.

ഇങ്ങിനെയിരിക്കെ, വർണ്ണാത്മകവും കണ്ഠതാലവാദ്യഭിഘാതജന്യവുമായ ശബ്ദം സകലത്തിന്നും ആശ്രയമാണെന്നു പറയുന്നതും അനാദിനിധനം—എന്ന കാരികയെ അതിലേക്കു പ്രമാണമായി ഉദ്ധരിക്കുന്നതും ജ്ഞാനലവദുർവ്വിദഗ്ദ്ധതയുടെ ഒരുതരം പ്രകാശനം മാത്രമാണല്ലോ. വൈ

യ്യാകരണന്മാരുടെ സ്ഫോടംതന്നെ 'മദ്ധ്യമ'യല്ലാതെ, നാമുച്ചരിക്കുന്ന വൈഖരീരൂപമായ ശബ്ദമല്ല. 'പശ്യന്തീ' മുതലായവയൊക്കയും 'പര' എന്നു പറയപ്പെടുന്ന ശബ്ദബ്രഹ്മത്തിന്റെ വിവൎത്തം മാത്രമാണെന്നാണു സിദ്ധാന്തം. "വിവൎത്തതേ ഇത്യനേന പശ്യന്ത്യാദയോപ്യസ്യാവിവൎത്താ ഇതി സൂചിതം" എന്നു ബാലഭട്ടൻ തന്റെ 'കല'യിൽ വ്യാഖ്യാനിച്ചിരിക്കുന്നതു നോക്കുക. ഇനി, കാൎയ്യകാരണങ്ങൾക്കുള്ള അഭേദവിവക്ഷയാൽ ശബ്ദബ്രഹ്മവും തൽകാൎയ്യമായ വൎണ്ണാത്മകശബ്ദവും ഒന്നുതന്നെയെന്നു കല്പിച്ചുകൊണ്ടാണു ശബ്ദം സൎവ്വാശ്രയമാണെന്നും അതിനാൽ ചമൽകാരത്തിന്നും ആശ്രയമാണെന്നും പറഞ്ഞതെന്നു വാദിക്കുന്നുവെങ്കിൽ അൎദ്ധജരതീയന്യായപതിതമായ ആവക കല്പനവും വാദവും ഒക്കെ 'വീടു വൃക്ഷത്തിലിരിക്കുന്നു' എന്നു പറയുന്നതുപോലെ ഉന്മത്തപ്രലപനത്തിന്നു സമാനയോഗക്ഷേമം മാത്രവുമാണ്. ബ്രഹ്മവിവൎത്തമായ വൃക്ഷം ബ്രഹ്മംതന്നെയാകയാലും ബ്രഹ്മം സകലാശ്രയമാകയാലും വൃക്ഷത്തിൽ വീടിരിക്കുന്നു എന്നും പറയാമോ? വൃക്ഷംപോലെ വീടും ബ്രഹ്മവിവൎത്തംതന്നെയല്ലേ? അതുമാത്രം അല്ലെന്നു വരുമോ? അങ്ങിനെ പറയുന്നവരെ ഭ്രാന്തന്മാരായിട്ടല്ലേ ലോകം ഗണിക്കുക. ശാസ്ത്രത്തിലും അൎദ്ധജരതീയന്യായം അതു് അനുവദിക്കയില്ല. ആകയാൽ, "അറിവുള്ളവർ പലരും ശബ്ദം സകലത്തിനും ആശ്രയമാകുന്നുവെന്നു പറയുന്നുണ്ടു്" എന്നു് ഉപന്യസിച്ചു് "അനാദിനിധനം ബ്രഹ്മ" എന്ന വാക്യപദീയ കാരികയെ പ്രമാണബുദ്ധ്യാ ഉദ്ധരിക്കുന്ന വാഗ്ഭടാനന്ദഗുരുക്കൾ അവർകൾക്ക് അറിവുള്ളവർ പറയുന്നതിന്റെ താല്പൎയ്യമെന്തെന്നോ ഹരികാരികയിലെ അക്ഷരാൎത്ഥമെന്തെന്നോ അറികയില്ലെന്നു തീൎച്ചയാവുന്നുണ്ടല്ലോ.

ഏകദേശം ഇതുപോലെതന്നെയാണു്, "കൃഷ്ണൻനായർ അങ്ങിനെ ആശങ്കിക്കുന്നതു 'ശബ്ദാൎത്ഥാന്യതരനിഷ്ഠാവിഷയിതാസംബന്ധാവച്ഛിന്നായാ ചമൽകൃതിജനകതാവച്ഛേദകതാതദവച്ഛേദകത്വം' എന്ന ചന്ദ്രികാകാരന്റെ വാക്യത്തെ ഓൎക്കാതെയുമാണു്" എന്നിങ്ങനെ ചന്ദ്രികാവാക്യമുദ്ധരിച്ചിരിക്കുന്നതിലെ സ്ഥിതിയും മഹാപണ്ഡിതനായ ഗുരുക്കളോടു് ആദ്യമായൊന്നു ചോദിച്ചുകൊള്ളട്ടെ. ശബ്ദാൎത്ഥാന്യതരനിഷ്ഠയായ ചമൽകൃതിജനകതാവച്ഛേദകതാ എങ്ങിനെയാണു വിഷയിതാ സംബന്ധാവച്ഛിന്നയാകുന്നതു്? ശബ്ദാൎത്ഥങ്ങൾ, ചമൽകൃതിജനകമായ ജ്ഞാനത്തിന്നു വിഷയമാകയാൽ ജ്ഞാനനിഷ്ഠ ചമൽകൃതിജനകതയ്ക്കു് അവച്ഛേദകമാകുന്നതു വിഷയതാസംബന്ധം പുരസ്കരിച്ചാവാനല്ലേ അവകാശമുള്ളു. അപ്പോൾ ശബ്ദാൎത്ഥനിഷ്ഠയായ ചമൽകൃതിജനകതാവച്ഛേദകതാ വി

ഷയതാസംബന്ധാവച്ഛിന്നയാണെന്നല്ലേ പറയേണ്ടതു്? പിന്നെങ്ങിനെ വിഷയിതാസംബന്ധതാവച്ഛിന്നയാണെന്ന പറഞ്ഞു? അച്ചടിച്ച പുസ്തകങ്ങളിൽ അങ്ങിനെ കാണുന്നുണ്ടെന്നുവെച്ച മഹാപണ്ഡിതനായ ഗുരുക്കൾ അവർകളും അങ്ങിനെതന്നെ മേലുംകീഴുമാലോചിക്കാതെ പകൎത്തിക്കാണിക്കണമെന്നുണ്ടോ? ഇതാണോ വാഗ്ഭടാനന്ദഗുരുക്കളുടെ പാണ്ഡിത്യപാരമ്യം? അതെന്തോ ആകട്ടെ, പ്രകൃതവാക്യത്തിൽ, ചമൽകൃതിജനകതാവച്ഛേദകത്വം ശബ്ദാൎത്ഥനിഷ്ഠമാണെന്നല്ലാതെ ചമൽകൃതി ശബ്ദാർത്ഥനിഷ്ഠമാണെന്ന പറഞ്ഞിട്ടുണ്ടോ? ചമൽകൃതിയും ചമൽകൃതിജനകതാവച്ഛേദകവും ഒന്നാണെന്ന ധരിച്ചുവോ? എന്നാൽ അതിവിശേഷംതന്നെ. അല്ലെങ്കിൽ ആ ചന്ദ്രികാവാക്യം ഇവിടെ ഉദ്ധരിച്ചിട്ട കാൎയ്യമെന്തു്? പുണ്യമോ പുരുഷാൎത്ഥമോ? ശാസ്ത്രഗ്രന്ഥങ്ങൾ പലതും വായിച്ചിട്ടുള്ള ഒരു മഹാപണ്ഡിതനാണ് താനെന്ന സാധാരണക്കാരെ തെററിദ്ധരിപ്പിച്ചു് അവരുടെയിടയിൽ ഗുരുക്കളെന്ന സ്ഥാനം രക്ഷിക്കണമെന്ന മോഹംകൊണ്ടാണെങ്കിൽ അതിന്ന പററിയ സ്ഥലം മാതൃഭൂമിയുടെ ആഴ്ച്ചപ്പതിപ്പല്ലെന്നുമാത്രം അറിയിച്ചുകൊള്ളുന്നു. ഇതുപോലെ ഇനിയും പല അനാവശ്യങ്ങളും അസംബന്ധങ്ങളും ആക്ഷേപകൻ ഉപന്യസിക്കുന്നുണ്ടു്.

"ചമൽകാരമുണ്ടാകുന്നതു് ഭാവനാവിശേഷമായ ജ്ഞാനത്തിൽനിന്നാണ്" എന്നിങ്ങനെ ഭാവന ജ്ഞാനമാണെന്ന് പറഞ്ഞ ഉടനെതന്നെ "ഭാവനാവിശേഷമെന്നതു വീണ്ടും വീണ്ടും ഓൎക്കുക എന്ന ക്രിയയാകുന്നു" എന്നിങ്ങനെ അതു ക്രിയയാണെന്നുപറയുന്നതു നോക്കുക. ആദ്യം രസഗംഗാധരത്തിൽകണ്ടതു് ഒരുവിധം പകൎത്തി. അടുത്തപംക്തി ആരംഭിക്കുമ്പോഴയ്ക്കു അതു് മറന്നുപോയി. എന്തുചെയ്യും. ജ്ഞാനം ക്ഷണികമാണെന്നല്ലെ ശാസ്ത്രസിദ്ധാന്തം. സ്മൃതിക്കു സംസ്കാരംകൂടാതെ കഴിയുമോ? ഗുരുക്കൾക്കുണ്ടോ വല്ല സംസ്കാരവും.

കൂടാതെ, "'സ്വവിശിഷ്ട ജനകതാവച്ഛേദകാൎത്ഥപ്രതിപാദകതാസംസൎഗ്ഗേണ ചമൽകാരത്വവത്ത്വം' എന്നാണ് രസഗംഗാധരകാരന്റെ കാവ്യത്വസിദ്ധാന്തലക്ഷണം" എന്നുപറഞ്ഞുകൊണ്ടു് ചമൽകാരത്തിന്നു് ആശ്രയം ശബ്ദമാകുമെന്ന സിദ്ധാന്തിക്കുന്നു. രസഗംഗാധരകാരന്റെ കാവ്യലക്ഷണം "രമണീയാൎത്ഥപ്രതിപാദകശ്ശബ്ദഃകാവ്യം" എന്നാണ്. ഈ ലക്ഷണത്തെ അദ്ദേഹം മൂന്നുവിധത്തിൽ നിൎവ്വചിച്ചു കാണിക്കുന്നുണ്ടു്. അതിൽ മൂന്നാമത്തെ നിൎവ്വചനപ്രകാരമാണ് സ്വവിശിഷ്ടേത്യാദി വാക്യം. വിശേഷണങ്ങളെ സംബന്ധകോടിയിൽ നിവേശിപ്പിക്കുന്നതിൽ ലാഘവ

മുണ്ടെന്നുള്ള ശാസ്ത്രസമ്പ്രദായമനുസരിച്ച് അത്തരത്തിലും ഒരു നിൎവ്വചനം കാണിച്ചിരിക്കുന്നുവെന്നല്ലാതെ, "യൽപ്രതിപാദിതാൎത്ഥവിഷയകഭാവനാത്വം ചമൽകാരജനകതാവച്ഛേദകംതത്ത്വം" എന്നിങ്ങിനെ രണ്ടാമതു പറഞ്ഞ നിൎവ്വചനം അപൎയ്യാപ്തമാകയാലാണു് മൂന്നാമതൊരു നിൎവ്വചനം ആരംഭിച്ചതെന്നും അതാണു സിദ്ധാന്തമെന്നും വിചാരിക്കാൻ ന്യായമൊന്നുമില്ല. "ലാഘവാദാപി—സ്വേതി" എന്നിങ്ങനെ നാഗേശഭട്ടൻ അവതരിപ്പിച്ചിരിക്കുന്നതും ഈ അഭിപ്രായത്തോടുകൂടിയാണെന്നുള്ളതു ശാസ്ത്രജ്ഞന്മാൎക്കു വ്യക്തവുമാണു്. അവസാനം പറഞ്ഞതായിരിക്കാം സിദ്ധാന്തമെന്നു ശാസ്ത്രപ്രക്രിയാനഭിജ്ഞത്വംമൂലം നമ്മുടെ ഗുരുക്കളും പക്ഷേ ഊഹിച്ചിരിക്കാം; അത്രമാത്രം. അതെന്തെങ്കിലുമാകട്ടെ, താദൃശലക്ഷണംകൊണ്ടു ചമൽകാരത്തിന്നും കാവ്യത്തിന്നും തമ്മിൽ ബന്ധമുണ്ടെന്നല്ലാതെ, ചമൽകാരം കാവ്യത്തിലാണിരിക്കുന്നതെന്നു വരുന്നില്ലെന്നു മനസ്സിലാക്കാൻ ഗുരുക്കൾക്കു സാധിക്കാഞ്ഞതു കഷ്ടമായിപ്പോയി. അച്ഛനും മകനുമുള്ള സംബന്ധം നിമിത്തം അച്ഛന്റെ വിശപ്പോടു മകനു സ്വല്പം ബന്ധമോ ചുമതലയോ ഉണ്ടെന്നല്ലാതെ അച്ഛന്റെ വിശപ്പു മകനിലുണ്ടെന്നു വരുമോ? "സ്വവിശിഷ്ടനിഷ്ഠജനകതാനിരൂപിതജന്യതാ സംബന്ധേന ബുഭുക്ഷാവാൻപുത്രഃ" എന്നു പറഞ്ഞാൽ പട്ടിണികിടന്നു കണ്ണുതുറിക്കുന്ന അച്ഛന്റെ ബുഭുക്ഷ തിന്നു വീൎപ്പുമുട്ടുന്ന മകനിലും ഉണ്ടെന്നു് ആരെങ്കിലും ഗ്രഹിക്കുമോ? അങ്ങിനെ ഗ്രഹിക്കുന്നവന്റെ പാണ്ഡിത്യം വിലക്ഷണമോ അവലക്ഷണമോ? ഗൃഹസ്ഥനായ ശിഷ്യനും ഗുരുവിനും തമ്മിലുള്ള ബന്ധം അവലംബിച്ച്, "സ്വനിഷ്ഠഭാൎയ്യാത്വനിരൂപിത ഭൎത്തൃത്വസമാനാധികരണ ശിഷ്യത്വ നിരൂപിത ശിക്ഷകത്വസംസൎഗ്ഗേണ ഭാൎയ്യാവാൻ" എന്നു പറഞ്ഞാൽ ശിഷ്യന്റെ ഭാൎയ്യയ്ക്കും ഗുരുവിന്നും ശിഷ്യദ്വാരാ ബന്ധമുണ്ടെന്നല്ലാതെ ശിഷ്യന്റെ ഭാൎയ്യ ഗുരുവിന്റെയും ഭാൎയ്യയാണെന്നോ ആ സ്ത്രീയാൽ ഗുരുവും ഭാൎയ്യാസുഖം അനുഭവിക്കുന്നു എന്നോ അൎത്ഥമുണ്ടോ? നമ്മുടെ ഗുരുക്കൾ ഇതു സമ്മതിച്ചുകൊടുപ്പാൻ ഭാവമുണ്ടോ? സ്വവിശിഷ്ടേത്യാദിലക്ഷണംകൊണ്ടു ചമൽകാരത്തിനു് അധികരണം കാവ്യമാണെന്നു രസഗംഗാധരകാരൻ പറഞ്ഞിട്ടുണ്ടെന്നു് അഭിപ്രായപ്പെടുന്ന ഗുരുക്കൾ അവർകൾ, "ഭാൎയ്യാരൂപവതീശത്രു" ഇത്യാദിപ്രമാണം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്ന ശാസ്ത്രികളുടെ വങ്കത്തത്തെയാണു് വായനക്കാരനെ ഓൎമ്മിപ്പിക്കുന്നതു്. അതിന്നുംപുറമെ മി: കൃഷ്ണൻനായർ പറയുന്ന വിധത്തിൽ ചമൽകാരജനകമെന്നായാൽ ചമൽകാരത്തിന്റെ ജനകം എന്നാണല്ലോ അൎത്ഥം സിദ്ധിക്കുക. ജനകം കാരണം. സമവായികാരണമോ അസമാ

വായികാരണമോ നിമിത്തകാരണമോ? ശബ്ദഭംഗി സമവായികാരണമാകുവാൻ തരമില്ല. സമവായികാരണത്വം ദ്രവ്യത്തിലെ ഇരിക്കയുള്ളു. ഭംഗി ദ്രവ്യമല്ലല്ലൊ. അസമവായികാരണമാവാനും തരമില്ല. അതു് ഗുണക്രിയകളിലെ ഇരിക്കയുള്ളു. പിന്നെ നിമിത്തകാരണമാണെന്നൊ പറവാൻ തരമുള്ളു. എന്നാൽ ശബ്ദഭംഗി ആനന്ദത്തിൻെറ അവ്യവഹിതമായ നിമിത്തമോ അതല്ല വ്യവഹിതനിമിത്തമോ?" എന്നും മററും പലതും പറയുന്നുണ്ടു്. ശബ്ദഭംഗി ദ്രവ്യമോ ഗുണമോ ക്രിയയോ അല്ലെങ്കിൽ പിന്നെ എന്തൊന്നാണു്? സാമാന്യാദികളിൽ വല്ലതുമാണെങ്കിൽ അതു പറയേണ്ടതായിരുന്നു. ആ വിഷയത്തിൽ മൌനം ദീക്ഷിച്ചിരിക്കയാണു്. അഥവാ പദാർത്ഥമേ അല്ലെന്നുണ്ടോ? ഗുരുക്കൾ അതല്ല അതിലപ്പുറവും വിചാരിച്ചു എന്നു വരാം. ആട്ടെ, ഭംഗി എന്തുകൊണ്ടു ദ്രവ്യമല്ല? അഥവാ ഗുണമല്ല? ഗുരുക്കളുടെ പ്രാമാണികനായ വൈദ്യനാഥൻ ശബ്ദഭംഗി ശബ്ദസ്വരൂപവും അർത്ഥഭംഗി അർത്ഥസ്വരൂപവുമാണെന്നാണു് അഭിപ്രായപ്പെട്ടിരിക്കുന്നതു്. "അത്ര കശ്ചിൽ സന്നിവേശ ഇത്യുക്തേഃ തദ്രൂപ ഏവായം നതു പുംസഃകുണ്ഡലാദിവൽ പൃഥഗ്ഭൂതഃ അനുപ്രാസാദേശ്ശബ്ദഏവാന്തർഭാവാൽ; ഉപമാദേരർത്ഥാന്തർഗ്ഗതത്വാൽ" എന്നുപറഞ്ഞിരിക്കുന്നതു നോക്കുക. ഇവിടെ അനുപ്രാസാദിക്കു ശബ്ദാന്തർഭാവവും ഉപമാദിക്കു അർത്ഥാന്തർഗ്ഗതത്വവും പറഞ്ഞിരിക്കുന്നതുകൊണ്ടു് ശബ്ദാർത്ഥങ്ങളുടെ സന്നിവേശം തദ്രൂപംതന്നെയാണെന്നതിന്നു ശബ്ദാർത്ഥസ്വരൂപംതന്നെയാണെന്നുതന്നെയാണു് അർത്ഥമെന്നു സിദ്ധിക്കുന്നു. അർത്ഥഭംഗി വാച്യമാണെന്നു സമ്മതിക്കുന്ന ആക്ഷേപകനും അർത്ഥഭംഗി അർത്ഥരൂപവും ആ നിലയ്ക്കു ശബ്ദഭംഗി ശബ്ദരൂപവുമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. സമ്മതിച്ചാൽ പിന്നെ, ശബ്ദം വൈയാകരണപക്ഷത്തിൽ ദ്രവ്യവും നൈയായികപക്ഷത്തിൽ ഗുണവുമാകകൊണ്ടു് ദ്രവ്യമോ ഗുണമോ ആണെന്നും സമ്മതിച്ചേ തീരു. ആലങ്കാരികാദികൾ ഇതിൽ ഏതെങ്കിലും ഒരു പക്ഷത്തോടു യോജിക്കുന്നു എന്നേയുള്ളു. പിന്നെങ്ങിനെ ശബ്ദം ദ്രവ്യമല്ലെന്നോ ഗുണമല്ലെന്നോ പറയും? വായിൽവന്നപോലെ വല്ലതും പറഞ്ഞാൽ ആരെങ്കിലും വിലവയ്ക്കുമോ? ചമല്ക്കാരജനകമെന്നുവച്ചാൽ കാലാദൃഷ്ടാദികളെന്നപോലെ സാധാരണരൂപമായ നിമിത്തകാരണമെന്നല്ല അർത്ഥം. ജനകത്വം കാരകത്വമാണല്ലൊ. ആകയാൽ ഘടത്തിനു ദണ്ഡമെന്നപോലെ, ചമല്ക്കാരത്തിനു ജനകം; അതായതു കരണമാണു് അലങ്കാരം. വ്യാപാരവദസാധാരണകാരണമാണു് കരണം; ഭാവനയ്ക്കു വ്യാപാരസ്ഥാനീയത്വം സുവചവുമാണു്. കൂടാതെ കാരണം രണ്ടുതരത്തിലാണു്, ചിലതു വസ്തുസൽക്കാരണം. ചിലതു് ജ്ഞാനം സൽക്കാര

ണം, പദാർത്ഥോപസ്ഥിതിക്കു ജ്ഞാതമായ വൃത്തിയാണു കാരണം വസ്തുസത്തല്ല. അതുപോലെ ജ്ഞാതമായ അലങ്കാരമാണ് ആലങ്കാരചമല്ക്കാരത്തിന്നു കാരണം വസ്തുസത്തല്ല. ഇങ്ങിനെയിരിക്കെ വ്യവഹിതത്വകഥനം അവ്യാവൎത്തകമാണ്. അസമാവായി കാരണത്തിന്നും വ്യവഹിതത്വമുപപാദിക്കാം. ആകയാൽ ഈവക ആകാശമുഷ്ടിപ്രഹാരം ആത്മവ്യാഘാതോപാദകം മാത്രമാകുന്നു.

ഇനിയും കൂപ്പുകുത്തിച്ചിനക്കുന്നില്ല. വാഗ്ഭടാനന്ദഗുരുക്കളുടെ ഇത്തരം ആക്ഷേപങ്ങൾതന്നെ അനുത്ഥാനഹതങ്ങളാണെന്നു മുമ്പു നിരൂപിച്ചിട്ടുള്ളസ്ഥിതിക്ക് ഈവക ചർച്ച അനാവശ്യവും അയുക്തവുമാണെന്നു അറിയായ്കയുമില്ല. എങ്കിലും മഹാ പണ്ഡിതമാനിയായ ആ വാഗ്ഭടാനന്ദഗുരുക്കളുടെ പ്രചണ്ഡമായ പാണ്ഡിത്യപ്രഭാവം തദീയശിഷ്യന്മാർ കുറഞ്ഞൊന്നു മനസ്സിലാക്കിയിരിക്കുന്നതുകൊള്ളാമെന്നുവെച്ചു മാത്രം സ്വല്പമൊന്നു പറഞ്ഞുപോയി എന്നേയുള്ളു. അതിന്നു മഹാജനങ്ങൾ മാപ്പേകുമെന്നു വിശ്വസിക്കുന്നു.

## പ്രതികാരം

(തുടച്ച്)

(സീതാദേവി)

മാസം രണ്ടോ മൂന്നോ ഇങ്ങിനെ കഴിഞ്ഞു. രാജേന്ദ്രാണി തിരഞ്ഞെടുപ്പിലും മററ്റിക്കിലും വിജയം സമ്പാദിച്ചു. അവൾ ഇച്ഛിച്ചവണ്ണം ജയിച്ചില്ല. അവളുടെ ആരോഗ്യം പെട്ടെന്നു നശിച്ചുതുടങ്ങി.

രാധാറാണി മററുള്ളവരെക്കാൾ മുമ്പ് ഈ ആരോഗ്യഹാനിയെക്കുറിച്ചറിഞ്ഞു. എന്തായാലും അവൾ കുട്ടിയുടെ അമ്മയല്ലേ. എന്തെന്നില്ലാത്തവണ്ണം പരിഭ്രമിച്ചു അവൾ ഭൎത്തൃസന്നിധിയിൽ എത്തി. "ഇപ്പോൾ സന്തോഷമായില്ലെ, സാധുകുട്ടിക്ക് എന്തൊരാപത്താണാവോ വരുന്നത്."

കൃഷ്ണദയാലു:— അതോൎത്ത് ഇത്ര പരിഭ്രമിക്കുന്നതെന്തിന്? നിങ്ങളുടെ ഊഹം ശരിയാണെങ്കിൽതന്നെ അതിനെക്കുറിച്ചു പരിഭ്രമിച്ചിട്ടാവശ്യമില്ല. അവളെ രണേന്ദ്രനു വിവാഹംചെയ്തു കൊടുക്കരുതേ?

രാധാറാണി:— അതു് എങ്ങനെ സാധിക്കും. ജാതി, മതം, കുലം എന്നിവയെല്ലാം ബലികഴിപ്പാൻ അങ്ങുറച്ചുവോ?

കൃഷ്ണദയാലു:— എന്താണിതു്? അയാളും ബ്രാഹ്മണനല്ലേ?

രാധാറാണി:— ബ്രാഹ്മണനൊ, ചക്രവൎത്തി ബ്രാഹ്മണനാണെങ്കിൽ വണ്ടു് ഒരു പക്ഷിയാണു്. നേരംപോക്കു മതിയാക്കു. ഇങ്ങനെയെല്ലാമാണു നിശ്ചയമെങ്കിൽ മുമ്പേകൂട്ടി എന്നോടു പറയണം. എനിക്കു വല്ലയിടത്തും പോകണം.

കൃഷ്ണദയാലു:— വീടിനേക്കാൾ ആളെയാണു നോക്കേണ്ടതു്. ഒരു വലിയ കുടുംബത്തിലെ ഒരു കുരങ്ങിനെ തിരഞ്ഞെടുക്കുന്നതിൽഭേദം ഒരു സാധാരണ കുടുംബത്തിലെ ഒരു നല്ല കുട്ടിയെകിട്ടിയാൽ അതാണു നല്ലതു്. ഇവരിൽ ആരാണു പെൺകുട്ടിയെ സുഖമായി ജീവിപ്പിക്കുന്നതു്.

രാധാറാണി:— അതു വിധിപോലെ ഇരിക്കും. ഒരു പെണ്ണിന്റെ ഭാഗ്യം അവളല്ല സമ്പാദിക്കുന്നതു്. ഭൎത്താക്കന്മാരെ സ്വയംവരിക്കുന്ന ചില അഹങ്കാരി പെൺകുട്ടികളെല്ലാം സുഖമായി കഴിയുന്നുണ്ടോ? പിതാക്കൾ നിശ്ചയിച്ചുറച്ച വിവാഹംകൊണ്ടു നമ്മെളെല്ലാം ദുഃഖിക്കയാണോ? ഇതെല്ലാം ഒരുവക ഭോഷത്വമാണു്. നമ്മുടെ പൂൎവ്വികർ അനുവൎത്തിച്ചിരുന്ന മാൎഗ്ഗത്തിൽനിന്നു നാം വ്യതിചലിക്കരുതു്.

കൃഷ്ണദയാലു:— ആരാണു സുഖിമാന്മാർ, അങ്ങനെ അല്ലാത്തവരാരൊക്കെയാണു് എന്നു നിശ്ചയിക്കുന്നതു വളരെ വിഷമമാണു്. അതിനു പ്രത്യേകമൊരു കണക്കു് ആരും എടുത്തിട്ടില്ല. എന്റെ അഭിപ്രായം ആദ്യംതന്നെ പറഞ്ഞുവല്ലോ. തന്നാത്താൻ തിരഞ്ഞെടുക്കുന്ന ഒരുവനിൽനിന്നു വരുന്ന അസുഖങ്ങൾ മററുള്ളവരുടെ തിരഞ്ഞെടുപ്പിൽനിന്നു ലഭിക്കുന്ന സുഖം ഒരു പാവയെന്നോണം അനുഭവിക്കുന്നതിനേക്കാൾ നല്ലതുതന്നെയാണു്.

രാധാറാണി ഇതുകൊണ്ടു തൃപ്തിപ്പെട്ടില്ല. പിന്നെയും വഴക്കുപിടിച്ചു. "ഈക്കൊല്ലത്തിൽ രാജേന്ദ്രാണിയെ ഞാൻ ആൎക്കെങ്കിലും വിവാഹം ചെയ്തുകൊടുക്കും. ഈവകയൊന്നും എനിക്കു കേൾക്കേണ്ട. എന്റെ മകൾ കാളേജിൽ പോകേണ്ട. ബന്ധുജനങ്ങളുടെ മുഖത്തു ഞാൻ എങ്ങനെ നോക്കും."

കൃഷ്ണദയാലു അല്പം ഗൗരവഭാവത്തോടെ ആ രംഗത്തുനിന്നു നിഷ്ക്രാന്തനായി.

ആ ഗൃഹത്തിലേ അന്തരീക്ഷം ഒരു ഘോരമാരിയുടെ പൂൎവ്വരൂപം അവലംബിച്ചു. തുറന്ന പോരാട്ടമൊന്നുമുണ്ടായില്ല. കൃഷ്ണദയലു രാധാറാണിയേ സമീപിക്കാതെ കഴിച്ചുകൂട്ടി. യാതൊരുവിധസന്ധിയുടെയും ലക്ഷണം കാണുന്നില്ല.

കുട്ടികൾ ഒരു വെക്കേഷൻ അനുഭവിക്കുന്നു. എങ്ങനെയാണു സമയം കഴിക്കേണ്ടതെന്ന പ്രശ്നം ഓരോരുത്തരേയും നേരിടുന്നു. രാജേന്ദ്രാണിയാണ് ഈ കൂട്ടത്തിൽ അധികം ക്ലേശിക്കുന്നത്. അവൾക്കു ചങ്ങാതിമാരുമില്ല, ജോലിയുമില്ല. ജീവിതം ഒരു മരുഭൂമിയെന്നപോലെ അവൾക്കു തോന്നി. രണേന്ദ്രൻ സ്വഗൃഹത്തിലേക്കുപോയിരിക്കുന്നു. അയാളുടെ അച്ഛൻ അങ്ങോട്ടുചെല്ലുവാൻ ആജ്ഞാപിച്ചിരുന്നു. ശിഷ്യന്മാരായ കുട്ടികളുടെ കൈയിൽ അയാളുടെ വിലാസം ഏല്പിച്ചിരുന്നു. അവർ എഴുതുന്ന കാൎയ്യം സ്വപ്നംതന്നെ കണ്ടിട്ടില്ല. രാജേന്ദ്രാണിയുടെ ഹൃദയം അയാളിൽനിന്നു എന്തെങ്കിലും അറിവാൻ ത്രസിച്ചു. അയാൾ എഴുതിയ ഒരെഴുത്തു ഒന്നു കണ്ടാൽ കൊള്ളാമെന്നു അവൾ ആശിച്ചു. പക്ഷെ അവൾ ഒരു ബങ്കാളി പെൺകിടാവാകകൊണ്ടു മൗനമായി പല ക്ലേശവും സഹിക്കുന്നതിനു വിധിക്കപ്പെട്ടവളാണ്.

ഗൃഹസംബന്ധമായ ചില ജോലികൾക്കു മുമ്പ് അവൾ അമ്മയെ അല്പം സഹായിച്ചിരുന്നു. സ്കൂൾജോലി ഇക്കാലത്തില്ലാതിരുന്നതുകൊണ്ട് ഇതിലുമധികം സഹായം രാധാറാണി ഇവളിൽ നിന്നാശിച്ചിരുന്നു. പക്ഷെ നിരാശയാണു ഫലം. അടുക്കളസംബന്ധിച്ചൊരു ജോലിയും രാജേന്ദ്രാണി നോക്കിയിരുന്നില്ല. എങ്കിലുമവൾ വീടു വളരെ ശുദ്ധിയും വൃത്തിയുമുള്ളതാക്കി വച്ചിരുന്നു. ഈ ഇടയായിട്ടു അതിലും ഉദാസീനയാണ്. അഞ്ചാറുദിവസത്തിലൊരിക്കൽ അങ്ങനെ ചെയ്താൽ ഭാഗ്യം.

ഇങ്ങനെയാണ് ഇക്കാലം കഴിയുന്നതെങ്കിലും ഒരു ദിവസം അവൾ പ്രഭാതത്തോടുകൂടി ആതിഥ്യമുറിയും വായനമുറിയും വൃത്തിയാക്കുവാനുറച്ചു. പിതാവിന്റെ മേശ പഴയപടിതന്നെയെന്നവൾ കണ്ടു. ഈ ഭാഗം വൃത്തിയാക്കുന്നതിനു അവൾ പതിവായി അധികസമയം ചിലവഴിക്കാറുണ്ട്. പുസ്തകങ്ങളെല്ലാമെടുത്ത് ഒരു മൂലയിൽ വച്ചു മേശപ്പുറത്തുള്ള പൊടിയെല്ലാം തട്ടിക്കളഞ്ഞു ശരിയായി അടുക്കി വച്ചു. ഒരു പുസ്തകത്തിൽ നിന്നു ഒരെഴുത്തു താഴെ വീഴുന്നത് അവൾ കണ്ടു. അവൾ അത് എടുത്തു. അവൾ പെട്ടെന്ന് ഒന്നു ഞെട്ടി. കൈയെഴുത്ത് അവൾക്കു പരിചയമുള്ളതാണ്. അത്രതന്നെയല്ല അത് അവൾക്കു പ്രിയമുള്ളതുമത്രെ.

കവറിലെ വിലാസം നോക്കി. അത് അച്ഛനുള്ളതാണെന്നും മനസ്സിലായി. എഴുത്തെന്തെന്നുനോക്കാതിരിക്കയാണവൾ ചെയ്യേണ്ടിയിരുന്ന

ത്ത്. പക്ഷെ അവൾക്കുണ്ടായ ആവേശം ന്യായാന്യായവിവേചനത്തെ ധ്വംസിച്ചു. എഴുത്തെടുത്തു വായിച്ചു. ദീർഘമായൊന്നു നിശ്വസിച്ചു.

മുറി തുത്തുവാരിക്കഴിഞ്ഞില്ല. ഒരു വിധത്തിൽ എഴുത്തു ചുട്ടിലാക്കി അവളുടെ മെത്തയിൽചെന്നു വീഴുകയും ചെയ്തു. രാധാറാണി അല്പം കഴിഞ്ഞു മകളെ ഈ നിലയിൽ കണ്ടു. മാതൃസ്നേഹത്തോടെ "മകളെ, നിനക്കെന്തുപററി" എന്നു ചോദിച്ചു.

രാജേന്ദ്രാണി മുഖം തിരിച്ചുകളഞ്ഞു, 'എനിക്കു നല്ല സുഖമില്ല' എന്നു മാത്രം അവൾ മറുപടി പറഞ്ഞു. രണ്ടുദിവസം മുഴുവൻ അവൾ ആ കിടപ്പു അവിടെ കിടന്നു. അവൾ അവിടെനിന്ന് എഴുന്നേൽക്കയോ ആഹാരം കഴിക്കയൊ ചെയ്തില്ല. ഒരാളുടെ മുഖത്തുനോക്കുകപോലും ചെയ്തില്ല.

കൃഷ്ണദയാലു അയച്ച ഒരെഴുത്തിനു രണേന്ദ്രൻ അയച്ച മറുപടിയാണ് ഇന്ദ്രാണി വായിച്ചത്. കുട്ടികളെ മേലാൽ പഠിപ്പിക്കുന്നതിനു നേരിട്ടിരിക്കുന്ന പ്രതിബന്ധങ്ങൾ അതിൽ എഴുതിയിരുന്നു. അമ്മയ്ക്ക് നല്ല സുഖമില്ലാത്തതുകൊണ്ട് കുറച്ചുനാൾ ഇവിടെത്തന്നെ താമസിക്കണമെന്ന് അച്ഛൻ നിർബ്ബന്ധിക്കുന്നു. ഒരു ജാമാതാവായി സ്വീകരിക്കുന്നതിനു കൃഷ്ണദയാലുവിനുണ്ടായ മഹാമനസ്കതയ്ക്കു നന്ദിപറഞ്ഞിട്ടുണ്ടായിരുന്നു. ഈ ഔദാര്യത്തെ ജീവിതാവധി മറക്കുകയില്ലെന്നും അതിൽ വിവരിച്ചിട്ടുണ്ട്. പക്ഷേ ഔദാര്യപൂർവ്വകമായ ഈ ദാനത്തെ കൈക്കൊള്ളാൻ താൻ അശക്തനായല്ലൊ എന്നു വ്യസനിക്കുന്നു. പിതാവു് അദ്ദേഹത്തിൻെറ വിവാഹകാര്യം മറെറാരിടത്തു നിശ്ചയിച്ചുപോയി. ജീവിതത്തിൽ എനിക്കുവേണ്ടി പല ക്ലേശങ്ങളും അനുഭവിച്ച പിതാവിൻെറ ഈ അഭീഷ്ടത്തെ നിരാകരിപ്പാൻ ഞാൻ ശക്തനല്ല. ഇത്രയുമാണ് എഴുത്ത്.

ഒരു ജീവി ആയുഷ്കാലം മുഴുവനും ദുഃഖിച്ചുതന്നെ കഴിയണമോ? അതിനാൽ രാജേന്ദ്രാണി അവളുടെ മെത്തയിൽനിന്ന് എഴുന്നേററു. പക്ഷേ അവളുടെ യൗവനം എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞിരിക്കുന്നു. ഒരു വൃദ്ധയേപ്പോലെ അവൾ അപ്രസന്നയായിതീർന്നിരിക്കുന്നു. നല്ല ഒരവസരത്തിൽ രണേന്ദ്രൻെറ വിവാഹാടിയന്തിരത്തിന് ഒരു ക്ഷണക്കത്തുകിട്ടി. അന്നു, അതേ ആ ദിവസംതന്നെ രാജേന്ദ്രാണി സ്വപിതാവിനെനിർബ്ബന്ധിച്ചു കാളേജിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി അവിടെ ഉപരിപഠനത്തിനു ചേർന്നു. രാധാറാണി കേണുവീണപേക്ഷിച്ചു. മകൾ അതിൽ അശേഷവും ശ്രദ്ധിച്ചില്ല. അനന്തരം അവളുടെ ജീവിതം പഠിപ്പാൻ മാത്രമെന്നുറച്ചു. പക്ഷേ രാജേന്ദ്രാണി യാതൊന്നിലും ശാന്തവും സമാധാനവുമായ ജീവിതത്തി

ന്ന വിധിക്കപ്പെട്ടവളല്ല. അക്കൊല്ലം കഴിയുന്നതിനുമുമ്പ് കൃഷ്ണദയാലു അത്യന്തം ശക്തിയേറിയ ഒരു രോഗത്തിനു അടിപെട്ടു. രാധാറാണിയുടെ തേങ്ങലും മോങ്ങലുംകൊണ്ടു് അന്തരീക്ഷം സാന്ദ്രമായി. മരണശയ്യയിൽ കിടക്കുന്ന ഭർത്താവു തൻെറ തലയിൽ കെട്ടി ഏല്പിച്ചിരിക്കുന്ന ഭാരം എത്ര വലുതെന്നു് രാധാറാണി തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു് കാണുന്നവരോടെല്ലാം പറഞ്ഞു.

രാജേന്ദ്രാണി അവളുടെ സഹനശക്തിക്കുള്ള പരമസീമയിൽ എത്തി. അമ്മയോടു തനിക്കുള്ള ബന്ധം ഒരിക്കലും ഗുണപര്യവസായി അല്ലെന്നു് അവൾക്കു തോന്നി. നിശ്ചയമായ ഈ ചിന്ത അവളിൽ ദൃഢമായി പതിഞ്ഞു. 'അളമുട്ടിയാൽ തിരിഞ്ഞുകടിക്കും' എന്നാണം രാജേന്ദ്രാണി ഇങ്ങനെ പറഞ്ഞു. "അങ്ങിനെയാണെങ്കിൽ ആരെയെങ്കിലും പിടിച്ചേല്പിച്ചു് എന്നെ അങ്ങയച്ചേക്കരുതേ? ഇതിനേക്കാൾ ദുരിതാധിക്യമുള്ള ഒരു വീടും ലോകത്തിലില്ല."

മകളുടെ ഈ വാക്ശല്യം രാധാറാണിയുടെ കണ്ണുനീരിൽകൊണ്ടു് അതു് പ്രവാഹരൂപത്തിൽ സ്രവിച്ചു. എങ്കിലും മകൾ പറഞ്ഞ വാക്കുകളെ പാലിക്കേണ്ടതാണെന്നും ഉറച്ചു. പല *വിടന്മാരും രംഗപ്രവേശം ചെയ്തു. പല ഏകാങ്കങ്ങളും ആടി. ഒരു അഭിപ്രായം പറവാൻപോലും അശക്തനായിട്ടാണു് ദയാലുവിൻെറ കിടപ്പു്. അതിനാൽ സകലതും രാധാറാണിയുടെ ഇച്ഛപോലെ വ്യവസ്ഥചെയ്തു. വരലിസ്റ്റിൽപെട്ടവരിൽ നല്ലവരുണ്ടു്, ചീത്തകളുണ്ടു്, ഉദാസീനരുണ്ടു്. അവരിൽനിന്നു ഒരു വൃദ്ധനെ, ഒരു വിവാഹം കഴിഞ്ഞവനെ, രാജേന്ദ്രാണി സ്വീകരിച്ചു. അയാൾക്കു് മക്കൾ ഇല്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

ഈ തിരഞ്ഞെടുപ്പിൽ എല്ലാവരും അത്ഭുതപ്പെട്ടു. ഇതൊന്നു മാററുവാൻ ചിലർ ശ്രമിക്കുകയും ചെയ്തു. പക്ഷെ അവളുടെ അഭിപ്രായം അചഞ്ചലം. "എന്നെ വിവാഹംചെയ്യണമെങ്കിൽ ആ ആൾക്കല്ലാതെ ഒരുവനും സാധിക്കയില്ല," എന്നു് ഉറച്ചസ്വരത്തിൽ അവൾ പറഞ്ഞു.

വൃദ്ധനായ ഒരു ഭർത്താവിനു രാജേന്ദ്രാണിയെ വേളികഴിച്ചുകൊടുത്തു.

ഭർത്തൃഗൃഹത്തിലേയ്ക്കു അവൾ തിരിച്ചപ്പോൾ അമ്മ ഉറക്കെക്കരഞ്ഞു. പക്ഷെ മകളുടെ കണ്ണിൽനിന്നു് ഒരുതുള്ളി നീരെങ്കിലും പുറപ്പെട്ടില്ല. അർദ്ധനിമീലനം ചെയ്ത ബോധത്തോടെ മരണശയ്യയിൽ കിടക്കുന്ന പിതാവിൻെറ പാദങ്ങളിൽ അവൾ നമസ്കരിച്ചപ്പോൾ സ്വനേത്രജലംകൊണ്ടു് അനുഗ്രഹത്തിൻെറ പാദക്ഷാളനവും അവൾ ചെയ്തു.

* സ്ത്രീപുരുഷന്മാരെ വിവാഹബന്ധത്തിൽ ചേർക്കുന്ന തൊഴിൽകാർ.

രാജേന്ദ്രാണി പുതിയ ഗൃഹത്തിൽ എത്തി. കുറച്ചുനാളായിട്ട് അവളുടെ ആകൃതിക്ക് ഒരു 'സാലഭഞ്ജികാതപം' സംഭവിച്ചിട്ടുണ്ട്. പുതിയ ഗൃഹത്തിൽ വന്നിട്ടും ആ മുഖച്ഛായയ്ക്കു മാററം വരുന്നില്ല. ആ ഗൃഹത്തിലുള്ള സ്ത്രീകൾ രാജേന്ദ്രാണിയെ ആഡംബരപൂർവ്വം സ്വീകരിച്ചു. അനന്തരം അവളുടെ പുതിയ ബന്ധുക്കൾ പരിചയപ്പെട്ടുവാൻ വന്നുതുടങ്ങി. പ്രായംകൊണ്ടിവൾ ചെറുപ്പമാണ്. പക്ഷേ അവിടെയുള്ള എല്ലാവരേക്കാളും അവൾ മൂപ്പുനടിച്ചു നിലകൊണ്ടു. അവൾ ശാന്തമായി അവിടെ നിന്നു പലവിധപ്രായത്തിലുള്ള സ്ത്രീപുരുഷന്മാരുടെ ആശ്രയീഭാവം സ്വീകരിച്ചു. ഭർത്തൃസഹോദരിയാണിവരെയെല്ലാം പരിചയപ്പെടുത്തിയതു്. രാജേന്ദ്രാണി ഇവരിൽ ഒരുവനെമാത്രം തീ ചിതറുന്ന കണ്ണുകൊണ്ടൊന്നു നോക്കി. ഇയാൾ ഒരു ചെറുപ്പക്കാരനാണ്. മുഖഭാവം ചിരസ്ഥായിയായ ഗ്ലാനിയുള്ളതായിരുന്നു. "ഈ രണേന്ദ്രൻ നിങ്ങളുടെ മരുമകനാണ്" എന്നു നാത്തൂനമ്മ പരിചയപ്പെടുത്തി. രണേന്ദ്രൻ അവളുടെ മുമ്പിൽ തലകുനിക്കുന്നതായി നടിച്ചു. ഉടനെ തന്നെ അയാൾ ആ സ്ഥലംവിട്ടുകയുംചെയ്തു.

രാജേന്ദ്രാണി പ്രായപൂർത്തിവന്ന ഒരു യുവതിയാണ്. ഭർത്തൃഗൃഹത്തിൽനിന്ന് അധികനാൾ വിട്ടുനില്ക്കുന്നതു് അശേഷവും വിഹിതമല്ല. അവൾ പിതൃഗൃഹത്തിലേയ്ക്കു് ഒരിക്കൽ പോയിരുന്നു. അധികം താമസിയാതെ തിരിച്ചുപോരികയും ചെയ്തു. കൃഷ്ണദയാലു മരിച്ചന്ന് വീട്ടിലേയ്ക്കു് ഒരിക്കൽക്കൂടിപ്പോയി. ഭാഗ്യവശാൽ കൃഷ്ണദയാലുവിൻെറ ബോധം മരിക്കുന്നതുവരെ വീണ്ടുകിട്ടീട്ടുണ്ടായിരുന്നില്ല. സ്വമനസാ വരിച്ച കർമ്മം ജീവിതാവധി ദുരന്തദൂനതയോടെ കഴിവാനിടവന്ന പ്രിയപുത്രിയുടെ അവസ്ഥ അറിവാൻ തന്നെ അദ്ദേഹത്തിനു സംഗതിവന്നില്ല.

രാജേന്ദ്രാണി അന്നുതന്നെ തിരിച്ചുപോന്നു. അവൾ സ്വഗൃഹം വിട്ടു താമസിപ്പാൻ ശക്തയല്ല. അവിടെ ആരുംതന്നെ ഇല്ലാതിരുന്നതാണിതിനു കാരണം. അതുകൊണ്ടാണ ഭർത്താവു് അഭ്യസ്തയും പ്രായാധിക്യം വന്നവളുമായ രാജേന്ദ്രാണിയെ വേട്ടതു്. ആരംഭദിവസം മുതൽക്കുതന്നെ ഗൃഹനായികയായിരിക്കത്തക്ക ഒരുവളെയാണദ്ദേഹത്തിനാവശ്യം.

അച്ഛൻെറ മരണം കഴിഞ്ഞു നാലാംദിവസം ശ്രാദ്ധം പൊടിപൂരമായിക്കഴിച്ചു. തലേദിവസം രാത്രി അവൾ ഉറങ്ങീട്ടില്ല. പിതൃവിയോഗമോർത്തു വളരെ കരഞ്ഞു. പ്രഭാതമായപ്പോൾ അവളുടെ മുഖം ശ്ലക്ഷ്ണശിലപോലെയായി. അതിഥികൾ അവളെ അത്ഭുതത്തോടെ നോക്കി ഇങ്ങനെ പിറുപിറുത്തു. "എന്തുജാതിസ്ത്രീയാണ്? ഒരു തുള്ളിക്കണ്ണുനീരു പുറപ്പെടുന്നില്ല; സ്ത്രീയുടെ ഹൃദയം ഇത്ര കഠിനമാകരുതു്."

അനവധി അതിഥികളെ സൽകരിക്കുന്നതിന് ആ ദിവസം മുഴുവനും വിനിയോഗിച്ചു. സന്ധ്യയോടടുത്തപ്പോൾ ബഹളമൊന്നവസാനിച്ചു. സ്വശയ്യാമുറിക്കഭിമുഖമായ വരാന്തയിൽ രാജേന്ദ്രാണി ഏകാകിനിയായിസ്ഥിതിചെയ്തു. അതിഥികളെ സൽകരിച്ചുകൊണ്ട് അവളുടെ ഭർത്താവു താഴെ ഇരിക്കുകയായിരുന്നു. പെട്ടെന്നു രണേന്ദ്രൻ അവളുടെ മുമ്പിൽ പ്രത്യക്ഷനായി. അയാൾ അവളെ സമീപിച്ചിങ്ങനെ പറഞ്ഞു:— "ഒററയ്ക്കൊന്നു കാണാൻ ഇതുവരെ കഴിഞ്ഞില്ല. ഒരു ചോദ്യം ഞാൻ ചോദിച്ചുകൊള്ളട്ടെ. ഇത്രയെല്ലാം കാണിപ്പാൻ ആവശ്യമെന്താണ്? നിങ്ങൾക്ക് എന്നെ അല്പം നിന്ദാഭാവത്തിൽ മറക്കാൻ കഴിയും."

വിവാഹാനന്തരം (ഒരുപക്ഷേ ആദ്യമായിട്ടാണെന്നു തോന്നുന്നു) അവൾ ഒന്നു ചിരിച്ചു. രാജേന്ദ്രാണി—"ഞാൻ നിങ്ങളിൽനിന്നു രണ്ടുപാഠം പഠിച്ചു. ഒരുവനൊരിക്കലും മാതാപിതാക്കൾക്കു വിപരീതമായി വർത്തിക്കരുത്. ലോകത്തിൽ ഏററവും ശ്രേഷ്ഠമായ സാധനം പണമാണ്."

രണേന്ദ്രൻ അല്പനേരം മൌനം ദീക്ഷിച്ചുനിന്നു. പിന്നെ ഇങ്ങനെ പറഞ്ഞു:— "എൻെറ കുററത്തിനു വീട്ടുകാര മുഴുവൻ അപരാധികളാക്കരുതേ. ഞങ്ങളെല്ലാം ഈ അമ്മാവനെയാണ് ജീവിതാശ്രയമായിക്കരുതിട്ടുള്ളതു്.

രാജേന്ദ്രാണി:— ആദ്യമായി എൻെറ കാൎയ്യമല്ലേ നോക്കേണ്ടതു്?

ഇനി അധികം പറയുന്നതു ഫലശൂന്യമെന്നു രണേന്ദ്രനു തോന്നി. സ്വാപരാധങ്ങളുടെ വലിപ്പം എത്രയുണ്ടെന്നു ഇന്നാണ് അയാൾക്കു പൂൎണ്ണബോധം വന്നതു്. "മൃദുവും മോഹനവും സുരഭിലവുമായ ഒരു കുന്ദകുഡ്മളം കൎക്കശവും വിരൂപവും പൂതിഗന്ധം പ്രസരിപ്പിക്കുന്നതും ആയതെങ്ങനെ? ഘോരസൎപ്പത്തേപ്പോലെ ക്രൂരമായതെങ്ങനെ? സൎവ്വവും എൻെറ അപരാധം ഒന്നുകൊണ്ടുമാത്രം. ഹാ കഷ്ടം! ഒന്നിനെ അധഃപതിപ്പിച്ചപോലെ അതിനെ ഉന്നമിപ്പിക്കുവാൻ ഞാൻ ശക്തനല്ലല്ലൊ? പാപം ഞാനനുഭവിച്ചു തന്നെ തീരണം." എന്നിങ്ങനെ അധോമുഖനായി ചിന്തിച്ചുചിന്തിച്ചു മന്ദം മന്ദം താഴോട്ട് ഇറങ്ങിപ്പോയി.

സ്വപുത്രിയുടെ ലോകപരിജ്ഞാനക്കുറവിനെ ഓൎത്തു രാധാറാണി പലപ്പോഴും സങ്കടപ്പെടാറുണ്ട്. രാജേന്ദ്രാണി അമ്മയെക്കാൾ ആ വിഷയത്തിൽ സമൎത്ഥയെന്നു സമ്മതിക്കേണ്ടിവന്നിരിക്കുന്നു. ആ കൊല്ലം അവസാനിച്ചതിനു മുമ്പുതന്നെ ഭൎത്താവിൻെറ വകയായ സൎവ്വസ്വവും രാജേന്ദ്രാണിയുടെ പൂൎണ്ണാധികാരത്തിൽ ആയി. എങ്ങനെ ഇവളിതു സാധിച്ചു എന്ന് ഒരുവനും അറിഞ്ഞുകൂടാ. ഈ സ്വത്തനുഭവിക്കാൻ പാററിക്കൂടി

യരുന്നവരെയെല്ലാം പുറത്തു തള്ളി. അവരെല്ലാം മതിയാകുവോളം രാജേന്ദ്രണിയെ ശപിക്കയും ശകാരിക്കയും ചെയ്തു. രാജേന്ദ്രാണി ബധിരത്വം മാത്രമല്ല മൂകത്വവും ആചരിച്ചുപോന്നു. രാജേന്ദ്രാണി അവരുടെ ശാപത്തെയെല്ലാം കണ്ണിമച്ചു തടുത്തു. പക്ഷെ ഇനി എന്താണു ചെയ്യേണ്ടതെന്ന് അവൾക്കും അറിഞ്ഞുകൂടാ. രാജേന്ദ്രാണി അമ്മയോടുള്ള സകല ബന്ധവും ഛേദിച്ചിരിക്കുന്നു. ഇങ്ങനെ കാലമൊട്ടു കഴിഞ്ഞു.

അക്കാലത്തൊരിക്കൽ രാധാറാണി കരഞ്ഞുംകൊണ്ടു മകളുടെ വീട്ടിലെത്തിയിരിക്കുന്നു. അവളെ കൂട്ടിക്കൊണ്ടുപോകുവാനാണു വന്നിരിക്കുന്നത്. രാജേന്ദ്രാണിയും ഇപ്പോൾ വിധവകൾക്കുചിതമായ വെള്ളവസ്ത്രമാണു ധരിച്ചിരിക്കുന്നത്. പക്ഷെ അവളുടെ കണ്ണിൽ നിന്നു വെള്ളമൊലിക്കുന്നില്ല. അത്രതന്നെയല്ല അമ്മയുടെ കണ്ണുനീരു് അവൾക്കത്ര രസിച്ചുമില്ല. "എന്തിനാണമ്മെ! കരയുന്നതു്. ഇന്നല്ലെങ്കിൽ നാളെ മരിക്കണമെന്ന വിധി എല്ലാ മനുഷ്യനുമുണ്ടു്."

രാധാറാണി ഇതുകേട്ടു് അളവററു പരിഭ്രമിച്ചുപോയി. "നിന്നെ കല്ലുകൊണ്ടാണോ സൃഷ്ടിച്ചിരിക്കുന്നതു്? അദ്ദേഹം നിൻെറ ഭർത്താവായി, ഇത്രനാളും ഒന്നിച്ചു കഴിച്ചല്ലൊ. നിനക്കൊരു വ്യസനവുമില്ലേ?" രാജേന്ദ്രാണിയുടെ മുഖം ഒന്നു വക്രിച്ചു. അമ്മയുടെ അടുക്കൽ നിന്നകന്നുകളഞ്ഞു.

അമ്മാത്തു് അസഹ്യമെന്നു രാജേന്ദ്രാണിക്കു തോന്നിത്തുടങ്ങി. അവൾ ഇപ്പോൾ അവിടത്തെയല്ലല്ലൊ. പക്ഷെ അവൾ എവിടെ താമസിക്കും. അവളുടെ മാലിയവീടു തീരെ വാസയോഗ്യമല്ലാതായിരിക്കുന്നു. അത്രതന്നെയല്ല, ഒററയ്ക്കവിടെ താമസിപ്പാൻ അവൾ ധൈര്യപ്പെടുന്നുമില്ല. അവൾക്കു വേണ്ടിടത്തോളം ധനമുണ്ടു്. പക്ഷെ അതുകൊണ്ടു മേലാൽ ഒരു ഉപയോഗവുമില്ല. അതിനാൽ അവളുടെ ഭാവിജീവിതഗതി ഫലശൂന്യമായ ഒരു ഊഷരപ്രദേശത്തുകൂടിയാണു്.

രാജേന്ദ്രാണി ക്രമേണ പാറപോലെ ഉറപ്പും നിശ്ചേഷ്ടത്വവും വരിക്കുന്നു എന്നു തോന്നി. രാധാറാണി ഇങ്ങനെ പറഞ്ഞു. "ഇങ്ങനെ ജീവിതം നിഷ്ഫലമാക്കരുതു്. എന്നെ നോക്കി നീ ക്ഷമിയ്ക്കു്. വിധി നിന്നെ അശനിപാതം എന്നവണ്ണം ഒന്നടിച്ചു. എന്നാലും നിനക്കു കഴിവിനുള്ളതെല്ലാം സ്വാധീനമല്ലെ?"

രാജേന്ദ്രാണി:— "എൻെറ മരുമകൻ രണേന്ദ്രനെ ഒന്നു വിളിച്ചുവരുത്താമോ?"

അമ്മ അല്പം കർക്കശസ്വരത്തിൽ:— "ഇപ്പോൾ അയാളെ നീയാവശ്യപ്പെടുന്നതെന്തിനാണു്?"

രാധാറാണിയ്ക്കു് ഇളയപുത്രനെ രണേന്ദ്രന്റെ അടുക്കലേക്കയക്കേണ്ടിവന്നു.

രണേന്ദ്രൻ വരുവാനാദ്യം വിസമ്മതിച്ചു. പക്ഷെ കുട്ടിയുടെ നിർബ്ബന്ധം നിമിത്തം അയാൾക്കു വരാതെ കഴികയില്ലെന്നു വന്നു.

വീരേന്ദ്രൻ ആതിഥ്യമുറിയിൽ അയാളെ ഇരുത്തിക്കൊണ്ടു സഹോദരിയ്ക്കാളെ അയച്ചു. രാജേന്ദ്രാണി അവളുടെ പെട്ടിയിൽ നിന്നു ഒരു ഫലനമുള്ള ലക്കോട്ടെടുത്തു. എന്നിട്ടു രണേന്ദ്രൻ ഇരിക്കുന്നിടത്തേക്കു പുറപ്പെട്ടു.

രണേന്ദ്രൻ അവൾ അകത്തു കടന്നപ്പോൾ എഴുന്നേററു നിന്നു. പക്ഷെ ഒരക്ഷരവും ഉരിയാടിയില്ല. രാജേന്ദ്രാണി ആ ലക്കോട്ടു നീട്ടിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു. "ഇതു സുരക്ഷിതമായി വച്ചുകൊള്ളു." രണേന്ദ്രൻ അതു സ്വീകരിക്കുന്നതിനു മുമ്പു് അല്പമൊന്നു സംശയിച്ചു. "ഇതു് എന്താണു്?" എന്നയാൾ ചോദിച്ചു.

രാജേന്ദ്രാണി:— "ഒരു ദാനപത്രം, മററുള്ളവരിൽ നിന്നും ഞാൻ അപഹരിച്ചതെല്ലാം ഇതിലുണ്ടു്." രണേന്ദ്രന്റെ മുഖം ചുവന്നു. "നിങ്ങൾ ഇങ്ങനെ ചെയ്യുന്നതു് എന്തുകൊണ്ടാണു്? നാം ഇതുവരെ മരിച്ചിട്ടില്ലല്ലോ. അതിനാൽ നിങ്ങളുടെ പ്രതികാരം അപൂർണ്ണമായേ ഇരിക്കൂ."

രാജേന്ദ്രാണി:— ഇതിനാൽ അതു പൂർണ്ണമായി. നിങ്ങളുടെ ധനതൃഷ്ണ നിമിത്തം ഒരു അബലയുടെ ഹൃദയത്തെ വിപാടനം ചെയ്തു മാരിതമാക്കി. എന്നാൽ ഇപ്പോൾ ആ അബലയിൽ നിന്നുതന്നെ ഒരു യാചകനെന്നപോലെ നിങ്ങൾ ഭിക്ഷ കൈക്കൊള്ളേണ്ടിവന്നിരിക്കുന്നു.

രണേന്ദ്രൻ ഈ ദാനപത്രം ദൂരെ വലിച്ചെറിവാൻ മോഹിച്ചു. പക്ഷെ അയാളുടെ കൈയ്യിനു ശക്തിപോര. ദുരന്തദാരിദ്ര്യം അയാളുടെ പൗരുഷത്തെ ധ്വംസിച്ചിരുന്നു.

വീരേന്ദ്രൻ അല്പം അകലെ നില്ക്കുകയായിരുന്നു. അയാൾ സഹോദരിയുടെ അടുത്തു വന്നു ഇങ്ങനെ പറഞ്ഞു. "നിങ്ങൾ ഒരു വലിയ ത്യാഗിയുടെ വേഷം കെട്ടിക്കാണിക്കുന്നു. മേലാൽ എങ്ങനെ കഴിവാനാണു നിശ്ചയിച്ചിരിക്കുന്നതു്."

രാജേന്ദ്രാണി:— ഭയപ്പെടേണ്ട. നിങ്ങളുടെ ചിലവിൽ ഞാൻ ജീവിക്കയില്ല. എന്റെ അമ്മ അടിമത്വത്തേയും അച്ഛൻ സർവ്വതന്ത്രസ്വതന്ത്രതയേയും എന്നെ പഠിപ്പിച്ചിട്ടുണ്ടു്. പക്ഷെ അവ ഒന്നും എന്റെ ആത്മശാന്തിക്കു മതിയായില്ല. ഞാൻ മററൊരു ഗതിയെ ആരായുകതന്നെ വേണം."

രണേന്ദ്രൻ:—"രാജേന്ദ്രാണി! നിങ്ങൾ എവിടെയ്ക്കാണു പോകുന്നതു്?"

രാജേന്ദ്രാണി:— പ്രേമഗതിയിലും പ്രതികാരഗതിയിലും എനിക്കു പിഴവു പററി. മററുമാർഗ്ഗങ്ങളുണ്ടെങ്കിൽ അവയെ ആരായുവാൻ ഞാൻ ശ്രമിക്കും. ഇന്നുരാത്രി ഈ വീട്ടു ഞാൻ വിടും.

രണേന്ദ്രൻ:— ദയവുചെയ്തു നിങ്ങളുടെ വിലാസം തരുമോ?

രാജേന്ദ്രാണി ചുരുക്കത്തിൽ:— "ഇല്ല" എന്നു മാത്രം പറഞ്ഞു.

# തോട്ടയ്ക്കാട്ട ശങ്കുണ്ണിമേനോൻ

(വി. കെ. രാമൻമേനോൻ ബി. ഏ., എൽ. ടി.)

വളരെക്കാലം കൊച്ചിരാജ്യത്തെ ദിവാൻപദം അലങ്കരിച്ച് ഒന്നാംതരം ഭരണതന്ത്രജ്ഞൻ എന്നു പേരുസമ്പാദിച്ചു സാലിസ്ബറിപ്രഭുവിൻെറ പ്രശംസയ്ക്കു പാത്രമായിഭവിച്ച തോട്ടയ്ക്കാട്ട ശങ്കുണ്ണിമേനവനെ ഇൻഡ്യയിലെ മഹാന്മാരുടെ കൂട്ടത്തിൽ ഗണിക്കാമെന്നുള്ള കാര്യത്തിൽ പക്ഷാന്തരമുണ്ടാവാൻ വഴിയില്ല. അദ്ദേഹത്തിൻെറ ജീവചരിത്രം പരേതനായ സി. അച്യുതമേനോൻ എഴുതിയിട്ടുള്ളതു പലരും വായിച്ചിരിക്കാനിടയുണ്ട്. അതു് ഒരു വിലയേറിയ ഗ്രന്ഥമാണെന്നു സമ്മതിച്ചേ തീരു. എന്നാൽ അതിൽ ശങ്കുണ്ണിമേനവൻെറ സ്വകാര്യജീവിതത്തെപ്പററി വളരെയൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് അതു് അപൂർണ്ണമായിരിക്കുന്നതേയുള്ളു. വിശേഷിച്ചു് ഒരു ചരിത്രനായകൻെറ സ്വഭാവം മനസിലാക്കണമെങ്കിൽ അദ്ദേഹത്തിൻെറ ഔദ്യോഗികജീവിതത്തിലുള്ള സംഭവങ്ങൾമാത്രം വിവരിച്ചാൽ മതിയാവുന്നതല്ല. സ്വകാര്യജീവിതത്തെ സംബന്ധിച്ചുള്ള യഥാർത്ഥവിവരങ്ങൾ ഗ്രഹിക്കാൻ സാധിക്കുന്നതു ഡയറിയും എഴുത്തുകളുമാകുന്നു. ശങ്കുണ്ണിമേനവനെസംബന്ധിച്ചു പറകയാണെങ്കിൽ അദ്ദേഹം ആദ്യംമുതൽക്കുതന്നെ ക്രമമായും വൃത്തിയായും ഡയറി എഴുതിവന്നിരുന്ന ഒരാളാണ്. ആ ഡയറിയിലെ പല ഭാഗങ്ങളും എൻെറ കൈവശം വന്നുചേർന്നിട്ടുണ്ട്. അതുകളിൽനിന്നു രസകരങ്ങളായ പല പുതിയ സംഗതികളും ഗ്രഹിക്കാനുള്ളതായിക്കാണുന്നു. അതിനാൽ ആ ഡയറിയിലെ ഏതാനും ഭാഗങ്ങളാണ് ഇവിടെ തർജ്ജിമചെയ്തു ചേർക്കുന്നതു്. വായനക്കാർക്കു രസിക്കുമെങ്കിൽ മുഴുവൻ തുടർച്ചയായി ചേർക്കാവുന്നതാണ്.

ജാനുവരി 1 1869 (1044 ധനു് 19-ാംനു-)

പുതുവത്സരദിനം. പതിവുപോലുള്ള കാഴ്ചകളും ആശിസ്സുകളും,

കമാണ്ടർ സർ എൽ ഹെൽടി 3-ാംനു- കൊച്ചി സന്ദർശിക്കുമെന്നും അദ്ദേഹത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നും കാണിച്ചുകൊണ്ടു റസിഡൻറിൻെറ കമ്പി വന്നു. പെരുമാന്തൂർ താലപ്പൊലി ഇന്നും കൈതല താലപ്പൊലി നാളെയും നടത്തുവാൻ ഏർപ്പാടുകൾ ചെയ്തിരുന്നു. പെരുമാന്തൂർക്കാർ അതിനു തയ്യാറായിരുന്നില്ല. അവൎക്ക് അതു നാളെ നടത്തുവാൻ അനുവാദം തരണമെന്ന് ആവശ്യപ്പെട്ടുന്നു. കൈതല താലപ്പൊലി നാളെയും പെരുമാന്തൂർ താലപ്പൊലി മററന്നാളും നടത്തണമെന്നു കല്പനകൊടുത്തു. പാലിയത്തച്ഛനെ സന്ദർശിക്കരുതെന്നു തിരുമനസ്സുകൊണ്ടു താല്പര്യപ്പെട്ടുന്നു.

2—1—1869 (20—5—1044)

എൻെറ കല്പനയെപ്പററി ആവലാതി പറവാൻ പെരുമാന്തൂർക്കാർ എൻെറ അടുക്കെ വന്നു. അവരുടെ താലപ്പൊലിയാണ് എല്ലായ്പ്പോഴും ആദ്യം നടത്താറുള്ളതെന്നും അതുകഴിഞ്ഞേ മററ താലപ്പൊലി നടത്താൻ പാടുള്ളു എന്നും അവർ വാദിച്ചു. നിശ്ചിതദിവസം നടത്താത്തതു് അവരുടെ കുററമാണെന്നും അതിനാൽ മുൻകല്പന ഭേദപ്പെടുത്തുവാൻ കാരണം കാണുന്നില്ലെന്നും പറഞ്ഞു. മകൻ കൃഷ്ണനു് ഇന്നലെ രാത്രി കലശലായ പനിയുണ്ടായി. ഇന്നു വയററിൽ വേദനയുണ്ടു്. കുട്ടഞ്ചേരിയും, നമ്പിയും, തയ്ക്കാട്ടു മൂസ്സും വയ്ക്കരയ്ക്കു, മാസത്തിന്നുപോകുനാവഴിക്ക് ഇവിടെ വന്നു. അമ്മതമ്പുരാൻെറ കാര്യക്കാർ ഇവിടെവന്നു. പെരുമാന്തൂർ താലപ്പൊലി ആദ്യം നടത്തണമെന്നു കല്പനകൊടുക്കാൻ അവിടുന്ന് ആവശ്യപ്പെട്ടതായി പറഞ്ഞു. അതിന്നു വേണ്ട ഏർപ്പാടുകൾ എല്ലാം പൂർത്തിയായിരിക്കുന്നതിനാൽ ഇനി അക്കാര്യത്തിൽ ഏർപ്പെടുവാൻ നിവൃത്തിയില്ലെന്നു വ്യസനസമേതം അറിയിച്ചു. താലപ്പൊലി അതിഘോഷമായി നടത്തി. എനിക്കു രാത്രി രണ്ടുമണിവരെ ഉറങ്ങാൻ കഴിഞ്ഞില്ല.

3—1—1869 (21—5—1044)

അസിസ്റ്റൻറ് റസിഡണ്ടു് ക്യാപ്ടൻ ഹേ, കമാണ്ടരെ സ്വീകരിക്കാൻ കാലത്തു് അഞ്ചുമണിക്കു ബോൾഗാട്ടിയിൽ എത്തി. എനിക്ക് അദ്ദേഹത്തെ കാണണമെങ്കിൽ ക്യാപ്ടൻ കാസ്റ്ററുടെ ബംഗ്ലാവിൽ 11 മണിക്കു ചെന്നാൽ മതി എന്നറിയിച്ചു. കൊച്ചിയിൽ പോയി കാസ്റ്ററെ കണ്ടു. പക്ഷെ ക്യാപ്ടൻ ഹേ, ഡാക്കർ ഹ്പിററനെ കാണാൻ ജൂതഭാഗത്തേക്കു പോയിരുന്നതിനാൽ കാണാൻ സാധിച്ചില്ല. അതിനാൽ ഡാക്കരുടെ ബംഗ്ലാവിൽ പോയി അദ്ദേഹത്തേയും ക്യാപ്ടനേയും കണ്ടു. കമാണ്ടർ വന്നിട്ടില്ല. എപ്പോഴാണ് എത്തുന്നതു് എന്നു് ആൎക്കും അറിഞ്ഞുകൂടാ. ഒക്ടേവിയ എന്ന കപ്പൽ അടുത്താൽ ഉടനെ അറിയിക്കാമെന്നും അ

പ്പോൾ ബോൾഗാട്ടിയിൽ വന്ന ക്യാപ്ടൻ ഹേ ഒന്നിച്ചു കമാണ്ടരെ സ്വീകരിക്കാൻ തയ്യാറായിരിക്കണമെന്നും കാസ്റ്റർ പറഞ്ഞു. പെരുമാന്ദ്രർ ക്കാക്ക് എൻെറ കല്പന ഒട്ടും രസിച്ചില്ലെന്നു തോന്നുന്നു. അവർ താലപ്പൊലി കഴിച്ചില്ല.

4—1—1869 (22—5—1044)

ഒക്ടേവിയാ കപ്പൽ കാലത്തു 5 മണിക്ക് എത്തിയ വർത്തമാനം ക്യാപ്ടൻ കാസ്റ്റർ എന്നെ 7 മണിക്ക് അറിയിച്ചു. ഉടനെ ബോൾഗാട്ടിയിൽ പോയി. 9½ മണിവരെ ക്യാപ്ടൻ ഹേയുടെ ബംഗ്ലാവിൽ കാത്തു. അപ്പോൾ സർ എൽ ഹെൽഡിയും അദ്ദേഹത്തിൻെറ മദാമ്മയും വേറെ രണ്ടു ഉദ്യോഗസ്ഥന്മാരും അവിടെ വന്നു. കുറേനേരത്തോളം അവരായി സംഭാഷണമുണ്ടായി. അദ്ദേഹം ഇന്നു വൈകുന്നേരം പോകുമെന്നും എന്നാൽ തിരുമനസ്സുകൊണ്ടു കപ്പൽ കാണാൻ എഴുന്നെള്ളുമെങ്കിൽ ഉച്ചവരെ താമസിക്കാമെന്നും പറഞ്ഞു. 11 മണിക്കു എറണാകുളത്തു വന്നു വിവരത്തിനു സർവ്വാധിക്ക് എഴുതി അയച്ചു. തിരുമനസ്സുകൊണ്ട് എഴുന്നെള്ളുന്നില്ലെന്നും എളയതമ്പുരാന് എഴുത്തു കിട്ടിയപ്പോൾ നേരം വൈകി എന്നും കമാണ്ടർക്കു ഒരു ദിവസംകൂടി താമസിക്കാൻ സൌകര്യമുണ്ടെങ്കിൽ പിറേറദിവസം എഴുന്നെള്ളുമെന്നും സർവ്വാധിയുടെ എഴുത്തു കിട്ടി. അപ്പീൽ ഒന്നാം ജഡ്ജി ഒരു മണിക്കു തൃശ്ശിനാപ്പിള്ളിൽനിന്നു മടങ്ങി. എൻെറ ഒന്നിച്ചു പട്ടണത്തിലേക്കു വന്നു. ആചാരിക്കു സുഖമില്ലാത്തതുകൊണ്ടു വന്നില്ല. ഡാക്ടർ ഹഫിററിനേയും കപ്പലിലെ ചില ഉദ്യോഗസ്ഥന്മാരേയും ജട്ടിയിൽ വച്ചു കണ്ടു. കമാണ്ടരെ കാത്ത് അവിടെ ഒരു മണിക്കൂർ താമസിച്ചു. അദ്ദേഹം ജൂതഭാഗത്തേയ്ക്കു പോയിരിയ്ക്കുയായിരുന്നു. കമാണ്ടർ ഇനിയും എത്തിട്ടില്ലെന്നു കണ്ടു ഞങ്ങളൊട്ടു കപ്പൽ കാണുന്നതിന്നു പുറപ്പെട്ടു കൊള്ളുവാൻ ഡാക്ടർ പറഞ്ഞു. ഞാനും ക്യാപ്ടൻ ഹേയും ഡാക്ടരും ഒരു വഞ്ചിയിലും എൻെറ സഹോദരൻ ജഡ്ജും കാസ്റ്ററുടെ മക്കളും വേറെ ഒരു വഞ്ചിയിലുമായി പുറപ്പെട്ടു. അതി ഭംഗിയുള്ള കപ്പൽ, പക്ഷെ ഇരുട്ടായതിനാൽ നല്ലവണ്ണം നോക്കി കാണാൻ കഴിഞ്ഞില്ല. ഒരു Armstrong പീരങ്കി ആദ്യമായി കണ്ടു. നേപ്പിയർ പ്രഭുവിൻെറ പുത്രനെ ക്യാപ്ടൻ ഹേ എനിക്കു പരിചയപ്പെടുത്തി. കപ്പലിൻെറ ഇളക്കം എനിക്കു തലതിരിച്ചലുണ്ടാക്കി. രാത്രി എട്ടുമണിക്കു വീട്ടിലെത്തി.

5—1—1869 (23—5—1044)

ക്യാപ്ടൻ ഹേയോടു യാത്ര പറവാനായി ബോൾഗാട്ടിയിൽ പോയി. അവിടെ വച്ചു ഡാക്ടർ ഹഫിററനെ കണ്ടു. ഒക്ടേവിയാകപ്പലിന് 3200 ടൺ ഭാരമുണ്ടെന്നും അതിൽ അറുനൂറിലധികം കപ്പൽഭടന്മാരുണ്ടെന്നും അദ്ദേഹം പറഞ്ഞു. ക്യാപ്ടൻ ഹേ ഇന്നു വൈകുന്നേരം പോകുമെ

ന്ന് അദ്ദേഹത്തെ കണ്ടപ്പോൾ പറഞ്ഞു. പെരുമാന്നൂർക്കാരുടെ താലപ്പൊലി ഇന്നലെ ഉണ്ടായി. വീരളത്തമ്പുരാന് ഒക്ടേവിയാകപ്പൽ കാണണമെന്നറിയിക്കാൻ കാരക്കാട്ടു നമ്പൂരി ഇവിടെ വന്നു. ഒക്ടേവിയ ഇന്നു കാലത്തു പോകുന്നതായി അറിയിച്ചു. കണ്ണങ്കുളങ്ങര ഊട്ടിൽ ബ്രാഹ്മണക്കു നൽകുന്ന ഭക്ഷണം വളരെ മോശമാണെന്നു് ആവലാതി വന്നിരിക്കുന്നു. തിരുമനസ്സുകൊണ്ട് എനിക്കു് ഇതിനെപ്പറ്റി എഴുതീട്ടുണ്ട്.

6—1—1869 (24—5—1044)

ഇന്നു് എനിക്കു നല്ല സുഖമില്ല. എടത്തെ പള്ളയ്ക്കൽ കഠിനമായ വേദന. എളയതമ്പുരാൻ, തിരുമനസ്സിനെ (വലിയ തമ്പുരാനെ) കാണ്മാൻ എഴുന്നെള്ളിയിരുന്നു എന്നു സർവ്വാധിയുടെ എഴുത്തു വന്നു. കുഴൂർ ക്ഷേത്രത്തിന്റെ സകല അവകാശങ്ങളും ഊരാളക്കു തിരിച്ചുകൊടുപ്പാൻ തീർച്ചയാക്കിയതായി എളയതമ്പുരാൻ, തിരുമനസ്സറിയിച്ചു. ഈ പെട്ടെന്നുള്ള നിശ്ചയത്തിനു കാരണമെന്താണെന്നു തിരുമനസ്സിലേക്കു മനസ്സിലായില്ല.

7—1—1869 (25—5—1044)

പതിവുപോലെ കാലത്തു നടന്നു. ഇന്നു വേദനയ്ക്കു അല്പം ആശ്വാസമുണ്ട്. കുഴൂർ ക്ഷേത്രം വിട്ടുകൊടുക്കാൻ പാലിയത്തച്ചനെ നിർബ്ബന്ധിക്കുന്നതു സാദ്ധ്യമല്ലെന്നു കണ്ടിട്ടോ, സിവിൽ വ്യവഹാരത്തിനു വഴിയുണ്ടോ എന്നു നോക്കുവാനോ ആയിരിക്കാം ആധാരങ്ങൾ ഊരാളക്കു മടക്കിക്കൊടുത്തതു് എന്നാണു് എന്റെ അഭിപ്രായമെന്നു സർവ്വാധിക്കു് എഴുതി. ഗവർമ്മെണ്ടുമായിട്ടുണ്ടായ വാദത്തം നിമിത്തം തമ്പുരാനു് നേരിട്ടു വ്യവഹാരം നടത്തുവാൻ നിവൃത്തിയില്ല. പരമേശ്വരയ്യരുടെ കേസ്സിൽ ഞാൻ മറുപടി തയ്യാറാക്കുകയാകുന്നു. റസിഡെണ്ടിന്റെ ഒരു എഴുത്തു കിട്ടി. മി: നെവിൽ, എന്നെ സ്റ്റാർ ഓഫ് ഇൻഡ്യാ എന്ന സ്ഥാനം നൽകുന്ന കാര്യത്തിൽ ശിപാർശി ചെയ്തിട്ടുണ്ടോ എന്നു തിരുമനസ്സുകൊണ്ടും എഴുതി ചോദിച്ചു. ഈ സംഗതി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും തന്നിമിത്തം അതു് അവിടുത്തെ ശ്രദ്ധയിൽ പതിയുകയും ചെയ്തതായി കാണുന്നു.

8—1—1869 (26—5—1044)

പരമേശ്വരയ്യരുടെ കേസ്സിലെ എന്റെ റിപ്പോർട്ട് നാളെ വൈകുന്നേരത്തേയ്ക്കു് പൂർത്തിയാക്കാമെന്നാണു് വിചാരിച്ചിരുന്നതു്. പക്ഷെ നാളെക്കാലത്തു തിരുനാളിന്നു ചെല്ലണമെന്നു വീരളത്തമ്പുരാന്റെ ക്ഷണക്കത്തുകിട്ടി. കുഞ്ഞിക്കാവുതമ്പുരാന്റെ രണ്ടാമത്തെ പുത്രന്റെ തിരുമാടമ്പു് കുംഭം ഏഴാം തിയ്യതി നടത്തുവാൻ തീർച്ചപ്പെടുത്തി.

9—1—1869 (27—5—1044)

കാലത്തു് പുത്രന്മാരോടുകൂടി തൃപ്പൂണിത്തുറയ്ക്കു പുറപ്പെട്ടു. വീരളത്തമ്പുരാന്റെ കോവിലകത്തു് ഭക്ഷണം കഴിച്ചു. സദ്യ വളരെ കേമമായി. സർവ്വാധി ഒന്നിച്ചു് തിരുമനസ്സിലെ കാണാൻ പോയി. കണ്ണങ്കുളങ്ങര ഊട്ടുപുരയിൽ നാടൻ അരി ശേഖരിച്ചു കൊടുക്കാൻ കല്പന അയയ്ക്കാത്തതിൽ

അവിടന്ന വളരെ കോപിച്ചിരിക്കുന്നു. ബങ്കാളം അരി നല്ലവണ്ണം കുത്തിച്ചാൽ അതിന്നു നാടൻ അരിക്കുള്ള ഗുണം ഉണ്ടാകുന്നതാണ്. പക്ഷേ ഈ സംഗതി അവിടത്തെ ബോദ്ധ്യപ്പെടുത്തുവാൻ പ്രയാസമായിക്കാണുന്നു. ഒരുകുത്തു മുണ്ടും കുറെ പഞ്ചസാരയും കണ്ട്റാക്ടരോട്ട ശിരസ്തദാർ കൈക്കൂലി വാങ്ങിച്ചതുകൊണ്ടാണ് അദ്ദേഹം ബംഗാളംഅരി ശേഖരിക്കാൻ കരാറുകാരനെ അനുവദിച്ചതെന്ന ഏതോ ഒരു ഏഷണിക്കാരൻ തിരുമനസ്സിലെ തെററിദ്ധരിപ്പിച്ചതായി കാണുന്നു. പക്ഷേ ശിരസ്തദാരുടെ അഭിപ്രായത്തിന്നു വിരോധമായി നല്ല ബങ്കാളം അരി ശേഖരിച്ചാൽ മതി എന്നു ഞാനാണ് കല്പനകൊടുത്തത്. തിരുമനസ്സിലോട്ട യാത്ര പറഞ്ഞു വൈകുന്നേരം എറണാകുളത്തെത്തി. എൻെറ പുത്രന്മാർ തിരുമനസ്സിലേയും വീരളതമ്പുരാനേയും മുഖം കാണിച്ചു.

10—1—1869 (28—5—1044)

നീലിസ്സായ്യിൽനിന്ന് ഒരു ദീഘമായ കത്തുകിട്ടി. അദ്ദേഹത്തിന്നു കൂടക്കൂടെ ഉണ്ടാകുന്ന കുരു ഇപ്പോഴും ശല്യപ്പെടുത്തുന്നതായി എഴുതീട്ടുണ്ട്. എങ്ങിനെയായാലും സ്കൂൾ തുറക്കുന്നതിനുമുമ്പ് അദ്ദേഹം എത്തുന്നതാണ്. പരമേശ്വരയ്യരുടെ കേസിലേക്കുള്ള റിപ്പോർട്ട് തയ്യാറാക്കുവാൻ റിക്കാർട്ടുകൾ പരിശോധിക്കുന്നു.

11—1—1869 (29—5—1044)

വലിയതമ്പുരാൻ തിരുമനസ്സിലേയും, എളയതമ്പുരാൻെറയും, എൻെറയും പടങ്ങൾ മി: ടെൻസനേക്കൊണ്ട് എടുപ്പിക്കണമെന്ന് മി: നെൽവിൽ ശിപാശ്ചെയ്യുന്നു. ഈ സംഗതിയെപ്പററി അദ്ദേഹം തിരുമനസ്സിലേക്കും എഴുതീട്ടുണ്ട്. അവിടെയ്ക്കുള്ള എഴുത്തിൽ എന്നെപ്പററി സ്തുതിച്ചിട്ടുമുണ്ട്.

12—1—1869 (1—6—1044)

ഞങ്ങളുടെ എല്ലാവരുടേയും പടങ്ങൾ എടുപ്പിക്കുവാൻ തിരുമനസ്സുകൊണ്ട് തീച്ച്യാക്കി മി: ടെൻസൻ കുന്നിന്മേൽബങ്ക്ളാവിലേയ്ക്കു ചെല്ലുന്നതിന് ആദ്യം തിരുമനസ്സിലേയ്ക്ക് അത്ര സമ്മതമായിരുന്നില്ല. എന്നാൽ എളയതമ്പുരാൻെറ അപേക്ഷപ്രകാരം അതിന്നു അനുവാദം നൽകി.

13—1—1869 (2—6—1044)

മി: ടെൻസൻ ഇന്നു കൊച്ചിയിലെത്തി. രണ്ടു വിശേഷാൽ പടങ്ങളെപററി മി: നെൽവിൽ ശിപാശ്ചെയ്തിട്ടുള്ളതിനെ സംബന്ധിച്ചു എന്താണു തീർച്ചയാക്കിയതെന്നു ചോദിച്ചു. ചാർജ്ജ് വളരെക്കൂടുതലല്ലെങ്കിൽ അവിടെയ്ക്കു സമ്മതമാണെന്നും ആകപ്പാടെ രണ്ടായിരം ഉറുപ്പികയിൽ കൂടരുതെന്നാണ് തൻെറ അഭിപ്രായമെന്നും പറഞ്ഞു. ടെൻസൻ മറുപടി ഒന്നും പറഞ്ഞില്ല. മുഷിഞ്ഞുപോകയാണെങ്കിൽ അത്രയും നന്നായി എന്നു ഞാനും വിചാരിച്ചു.

14—1—1869 (3—6—1044)

എൻെറ കളികഴിഞ്ഞപ്പോൾ ടെൻസൻ എത്തി. ഒട്ടുവിൽ ഓരോന്നിന്നു 4000 ക. പ്രകാരം മൂന്നു പടങ്ങൾ എടുക്കാമെന്നു സമ്മതിച്ചു. ആകപ്പാടെ 12000 ക. ചിലവു വരുന്നുണ്ട്. ഇതു് ഒരു അനാവശ്യചിലവുതന്നെ. നാളെ അദ്ദേഹം കുന്നിന്മേൽ ബങ്ക്ളാവിൽപോയി എളയതമ്പുരാൻെറ പടമെഴുതുവാൻ ആരംഭിക്കുന്നതാണ്. കുഴൂർ ക്ഷേത്രത്തെ സംബന്ധിച്ച ക്രിമിനൽകേസ്സിൽ തിരുമനസ്സിലെ സ്വാധീനശക്തി പ്രയോഗിക്കുന്നുണ്ടെന്നും സാധാരണ കോടതികാൎയ്യങ്ങളിൽ അവിടുന്നു് എടപെടുന്നുണ്ടെന്നും സംശയിക്കുന്നതായി റസിഡണ്ടിൻെറ ഒരു കത്തുകിട്ടി. പരമേശ്വരയ്യരുടെ കേസ്സിനെ സംബന്ധിച്ചുള്ള റിപ്പോർട്ടു താമസിയാതെ അയക്കണമെന്നു ഗവൎമ്മേൻറ് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ അതു് ഉടനെ തയ്യാറാക്കി അയക്കണമെന്നു റസിഡണ്ട് എഴുതിയിരിക്കുന്നു.

15—1—1869 (4—6—1044)

ക്യാപ്ടൻ കോർടിസ് ശമ്പളക്കൂട്ടതലിന്നു് ആവശ്യപ്പെടുന്നു. ഞാറയ്ക്കലുള്ള താമസം മാത്രമാണ് അതിന്നു കാരണം പറവാനുള്ളതു്. പരമേശ്വരയ്യരുടെ കേസ്സിലെ റിപ്പോർട്ടു തയ്യാറാക്കി. ഇതിന്നു സാമാന്യത്തിലധികം ബുദ്ധിമുട്ടേണ്ടിവന്നു. സകല വിവരങ്ങളും ഗ്രഹിക്കാൻ 20വോല്യം പഴയറിക്കാർട്ടുകൾ നോക്കേണ്ടിവന്നു. കൊല്ലത്തു് ഒരു സ്കൂൾ മാസ്റ്ററും എൻെറ പഴയസ്നേഹിതനുമായ മി: ബ്രൌൺ എന്നെ കാണാൻ വന്നു.

16—1—1869 (5—6—1044)

പരമേശ്വരയ്യരുടെ കേസ്സിനെ സംബന്ധിച്ചുള്ള റിപ്പോർട്ടു റസിഡണ്ടിന് അയച്ചു. മി: ടെൻസൻ എളയതമ്പുരാൻെറ പടമെഴുതുവാൻ ആരംഭിച്ചു.

17—1—1869 (6—6—1044)

മൂന്നാംക്ലാസിൽ ആൽജിബ്രാ ഉത്തരക്കടലാസ്സുകൾ പരിശോധിച്ചു. കെ. അച്ചുതൻ ഇവിടെ വന്നു. അയാളുടെ അച്ഛൻ പാലിയത്തച്ചന്നു് സുഖക്കേടു കലശലാണെന്നും അതിനാൽ താൻ മദിരാശിക്കു പോകേണ്ടെന്നു തീർച്ചയാക്കിയെന്നും പറഞ്ഞു. എൻെറ കുട്ടികൾ അത്താഴം കഴിഞ്ഞു പുറപ്പെട്ടു. വൈകുന്നേരം ആറുമണിക്കു തൃപ്പൂണിത്തുറചെന്നു് വലിയതമ്പുരാനെ കണ്ടു. പരമേശ്വരയ്യരുടെ കേസിലെ റിപ്പോർട്ടിലെ സംഗതികൾ വിവരിച്ചു മനസ്സിലാക്കി. കുഴൂർകേസിനെ സംബന്ധിച്ച് മി: നെവിൽ അയച്ച സ്വകാൎയ്യക്കത്തിനെപ്പററിയും പറഞ്ഞു. പരമേശ്വരയ്യർ തൃപ്പൂണിത്തുറെക്കു കടക്കരുതെന്നാണ് അവിടുത്തെ താല്പൎയ്യം. അവിടുന്നു് അപ്പീൽ കോർട്ടിലേക്ക് നിരോധകല്പന അയക്കുമെന്നും അരുളിച്ചെയ്തു. റസിഡണ്ട് അങ്ങനെ ചെയ്തുവരുന്നതായി അവിടേക്കു അറിവാൻ എടയായിട്ടുണ്ടെന്നും പറഞ്ഞു. കുട്ടഞ്ചേരിയും എളയിടത്തു തൈക്കാട്ടുമൂസ്സും ഇവിടെ വന്നു. മറെറ തൈക്കാട്ടുമൂസ്സ് കുടുംബസഹിതം തൃശ്ശൂർക്കു പോയിട്ടുണ്ട്.